# സുവിശേഷ ധ്വനി

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക


**ഉൾപ്പേജുകളിൽ**


- പാക്കിസ്ഥാനിലെ കൂട്ടക്കൊല 2
- ഗോത്രങ്ങൾ തേടി/പഠനം 3
- വന്നവഴികൾ 4
- മഹത്വത്തിൽ/ക്വിസ് 5
- ചിന്ത/വാർത്തകൾ 6



Suvisesha Dhwani Fortnightly Reg. No. RN. 29475/78 Vol. 37 Issue 35

03 ജനുവരി 2015 പുസ്തകം 37 ലക്കം 35 പേജ് 6





## ബംഗാൾ കാമ്പയിൻ
## സഹോദരന്മാരെ ക്ഷണിക്കുന്നു

**വ**ലിയവനായ ദൈവത്തിന്റെ അളവറ്റ കൃപയാൽ സെപ്റ്റംബറിൽ ആരംഭിച്ച കാമ്പയിൻ അനുഗ്രഹകരമായി തുടരുന്നു. ഒരു ദിവസം 12 ഗ്രാമങ്ങളിൽ വരെ പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതുവരെ പ്രവർത്തിച്ചപ്പോൾ മനസ്സിലായത് ഇനിയും സുവിശേഷം കേൾക്കാത്തവർ നിരവധി ഉണ്ടെന്നാണ്. 78% ത്തോളം സാക്ഷരതയുള്ള ബംഗാളിലെ ഗ്രാമങ്ങളിൽ വാഹനവുമായി എത്തുമ്പോൾ കുറഞ്ഞത് നൂറുപേരെങ്കിലും കേൾവിക്കാരായി ചുറ്റും തടിച്ചു കൂടും. ശ്രദ്ധയോടെ പ്രസംഗം കേൾക്കും. ട്രാക്റ്റുകളും ചെറുപുസ്തകങ്ങളും ബൈബിളും വാങ്ങുകയും ചെയ്യും. ഇനിയും ഇവിടെ വരണം എന്നോ ഇനിയും കുറേക്കൂടി ഈ ഗ്രാമത്തിൽ നിങ്ങൾ പ്രസംഗിക്കണം എന്നോ പറയുന്നവരാണ് പല ഗ്രാമങ്ങളിലും ഉള്ളത്. കൂടുതൽ അറിയുവാൻ താല്പര്യമുള്ള പല ഗ്രാമീണരെ അനുധാവനം ചെയ്യുവാൻ ഇവിടുള്ള സഹോദരന്മാർ ഉദ്ദേശിക്കുന്നു. പ്രവർത്തന സാധ്യത ഏറെയുള്ള ഈ പ്രദേശങ്ങളിൽ കടന്നു ചെന്നു പ്രവർത്തിപ്പാൻ വേലക്കാരെ ആവശ്യമുണ്ട്. വിതച്ച വചനം ഫലം പുറപ്പെടുവിക്കാൻ ദൈവജനം പ്രാർത്ഥിച്ചാലും.

2015 നവംബർ വരെ ബംഗാളിന്റെ തെക്കൻ ജില്ലകളിൽ പ്രവർത്തിച്ച ശേഷം തുടർന്നു വടക്കൻ മേഖലയിലേക്കു പ്രവർത്തനം വ്യാപിപ്പിക്കുവാൻ കർത്താവിൽ ആശ്രയിക്കുന്നു.

ടീമിനെ നയിക്കുവാനും വാഹനം ഓടിക്കുവാനും ഭക്ഷണം പാകം ചെയ്യുവാനും ഇതര ശുശ്രൂഷകൾ നിർവ്വഹിക്കുവാനും സുവിശേഷ വേലയിൽ തല്പരരായ സഹോദരന്മാരെ ആവശ്യമുണ്ട്. ഇതിനായി കോ-ഓർഡിനേറ്ററുമായി ബന്ധപ്പെട്ടാലും. വിലാസം: M.C. George, Praise Dale, Nethaji Road, Nellikkunnu, Thrissur- 5. Pin. 680 005. Ph. 9446044933, 8547341933 പ്രവർത്തനങ്ങൾ അനുഗ്രഹകരമായി തുടരുന്നതിനും നിത്യതയിൽ ചില ഫലങ്ങൾ കാണുന്നതിനും ദൈവജനത്തിന്റെ ശ്രദ്ധേയമായ പ്രാർത്ഥന ക്ഷണിക്കുന്നു.

എം.സി. ജോർജ്ജ്, തൃശ്ശൂർ

## മത്സരിക്കുന്ന മക്കൾ
# ഇനി നിങ്ങളെ അടിച്ചിട്ട് എന്ത്?

**ജോർജ്ജ് സി. വർഗീസ്, തിരുവനന്തപുരം**

♦ **ആ**കാശമേ കേൾക്ക, ഭൂമിയേ ചെവി തരിക, യഹോവ അരുളിച്ചെയ്യുന്നു. ഞാൻ മക്കളെ പോറ്റി വളർത്തി; അവരോ എന്നോടു മത്സരിച്ചിരിക്കുന്നു. കാള തന്റെ ഉടയവനേയും കഴുത തന്റെ യജമാനന്റെ പുൽത്തൊട്ടിയേയും അറിയുന്നു.... വഷളായി നടക്കുന്ന മക്കൾ.... പരിശുദ്ധനെ നിരസിച്ച് പുറകോട്ടു മാറിക്കളഞ്ഞിരിക്കുന്നു; ഇനി നിങ്ങളെ അടിച്ചിട്ട് എന്ത്? (യെശ. 1:2–5).

♦ അപ്പന്റെയോ അമ്മയുടെയോ വാക്കു കേൾക്കാതെയും അവർ ശാസിച്ചാലും അനുസരിക്കാതെയുമിരിക്കുന്ന ശഠനും മത്സരിയുമായ മകൻ ഒരുത്തനുണ്ടെങ്കിൽ അമ്മയപ്പന്മാർ അവനെ പിടിച്ച് പട്ടണത്തിലെ മൂപ്പന്മാരുടെ അടുക്കൽ, പട്ടണവാതിൽക്കലേക്ക് കൊണ്ടുപോയി. ഞങ്ങളുടെ ഈ മകൻ ശഠനും മത്സരിയും, തിന്നി യും കുടിയനും ആകുന്നു എന്ന് പട്ടണത്തിലെ മൂപ്പന്മാരോടും പറയേണം. പിന്നെ അവന്റെ പട്ടണക്കാർ എല്ലാവരും അവനെ കല്ലെറിഞ്ഞു കൊല്ലേണം. ഇങ്ങനെ നിങ്ങളുടെ ഇടയിൽ നിന്ന് ദോഷം നീക്കിക്കളയേണം; യിസ്രായേലെല്ലാം കേട്ടു ഭയപ്പെടേണം (ആവ. 21:18–21).

♦ അങ്ങനെ അവൻ എഴുന്നേറ്റു അപ്പന്റെ അടുക്കൽ പോയി. ദൂരത്തു നിന്നു തന്നെ അപ്പൻ അവനെ കണ്ടു മനസ്സലിഞ്ഞു ഓടിച്ചെന്ന് അവന്റെ കഴുത്ത് കെട്ടിപ്പിടിച്ചു അവനെ ചുംബിച്ചു. മകൻ അവനോട്: അപ്പാ ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്നു വിളിക്കപ്പെടുവാൻ യോഗ്യനല്ല എന്നു പറഞ്ഞു (ലൂക്കോ. 15:20–21).

മുകളിൽ കുറിച്ചിരിക്കുന്ന വാക്യങ്ങളെ അധികരിച്ച് നാം ഈ നാളുകളിൽ കേട്ടുകൊണ്ടിരിക്കുന്ന ഒരു പാട്ടിന്റെ ഈരടികളാണ് "ആകാശമേ കേൾക്ക, ഭൂമിയെ ചെവിതരിക, – ഞാൻ മക്കളെ പോറ്റിവളർത്തി– അവർ എന്നോടു മത്സരിക്കുന്നു" എന്ന്. ഇന്ന് മനുഷ്യരുടെ ഇടയിൽ, പ്രത്യേകിച്ച് ദൈവമക്കളുടെ ഇടയിൽ അത്രമാത്രം മത്സരസ്വഭാവം വളർന്ന് പന്തലിച്ചിരിക്കുന്നു. എന്താണ് പ്രകൃതിയെ ഇപ്രകാരം സാക്ഷികളായി വിളിക്കുവാനുള്ള കാരണം? ദൈവജനത്തിന് വന്നു ഭവിച്ചിരിക്കുന്ന കേടിനെ കുറിച്ച് കണ്ടറിഞ്ഞ് അതിന്റെ ഭയങ്കരത മനസ്സിലാക്കുവാൻ, നേതാക്കന്മാർ, മൂപ്പന്മാർ ഉൾപ്പെടെയുള്ളവർ തയ്യാറാകുന്നില്ല എന്നുള്ളതു തന്നെ! രാഷ്ട്രീയക്കാ രും പാർട്ടികളും അന്യോന്യം മത്സരിക്കുന്നത് നമുക്ക് മനസ്സിലാക്കാം. എന്നാൽ സഭാവിശ്വാസികളും കുടുംബാംഗങ്ങളും സുവിശേഷകന്മാരും സഭകളും തമ്മിൽ തമ്മിൽ മത്സരിക്കാൻ തുടങ്ങിയാലുള്ള അവസ്ഥയോ? ഞായറാഴ്ചതോറും ഒരേ അപ്പത്തിൽ നിന്നും പാനപാത്രത്തിൽ നിന്നും പങ്കെടുക്കുന്ന വിശ്വാസികൾ തമ്മിൽ കണ്ടാൽ മുഖത്തോടു മുഖം നോക്കാനോ, സംസാരിക്കാനോ, കൈകൊടുക്കാനോ തുനിയാത്ത ഒരു അവസ്ഥയെപ്പറ്റി ചിന്തിക്കാൻ സാധിക്കുമോ? ഇത് ദൈവത്തോടുള്ള മത്സരം അല്ലെങ്കിൽ പിന്നെ എന്താണ്? ആഖാൻ പാപം ചെയ്തപ്പോൾ "യിസ്രായേൽ പാപം ചെയ്തു" എന്നാണ് ദൈവം നോക്കി കണ്ടത്. ഒരാൾ ചെയ്യുന്നതെറ്റ്– പാപം– അതു സഭയെ മൊത്തത്തിൽ ബാധിക്കുന്നതാണ് എന്നോർക്കണം! ദൈവമക്കളുടെ ഇടയിലുണ്ടാകുന്ന ഏതു തെറ്റിനും കുറ്റത്തിനും -പാപത്തിന്- ദൈവം പരിഹാര മാർഗ്ഗം നിർദ്ദേശിച്ചിട്ടുണ്ട്. തമ്മിൽ തമ്മിൽ ക്ഷമിക്കുക, യഥാസ്ഥാനപ്പെടുക, കുറ്റം ഏറ്റു പറയുക, നിറപ്പിന്റെ അനുഭവത്തിൽ എത്തുക. എന്നീ വിഷയങ്ങളിൽ അഗാധമായ അറിവുള്ളവർ, പ്രസംഗിക്കാനും പഠിപ്പിക്കാനും കഴിവുള്ളവർ തമ്മിൽ ഈ വിധം മത്സരികളായാൽ ദൈവത്തിന് പിന്നെ എന്താണ് പറയുവാനുള്ളത്?

**ഞാൻ മക്കളെ പോറ്റി വളർത്തി (1 :2)**

"ഞാൻ അവരെ വലിയവരാക്കി" എന്നാണ് എബ്രായ ആശയം. തലമുടി പോലെ വളർത്തി, വൃക്ഷങ്ങളെപ്പോലെ വളർത്തി (സംഖ്യ. 6:5, യെശ. 44:3) എന്നാൽ "അവർ എന്നോടു മത്സരിച്ചിരിക്കുന്നു (1:2). യഹൂദന്മാർക്കെതിരെ ഇടർച്ചയായി ഈ പരാതി ഉയർന്നിരുന്നു (യെശ. 63:10, യിര. 2:6–8). മിസ്രയീമിൽ നിന്നും ദൈവം അവരെ വിടുവിച്ചു. അവരിൽ നിന്ന് ദൈവം സമ്പൂർണ്ണ അനുസരണവും ആത്മാർത്ഥ സ്നേഹവുമാണ് പ്രതീക്ഷിച്ചത് (പുറ. 20:1–3). എന്നാൽ അവർ ദൈവത്തെ മറന്നു. അവരോടു മത്സരിച്ചു. 'മത്സരം' എന്നുള്ളത് മനഃപൂർവ്വമായ നിഗളത്തോടു കൂടിയുള്ള അവഗണനയാണ്.

യിസ്രായേലിന്റെ അഹങ്കാരത്തെയും നന്ദികേടിനെയും കാണിക്കുവാനാണ് "കാള തന്റെ ഉടയവനേയും കഴുത തന്റെ യജമാനന്റെ പുൽത്തൊട്ടിയെയും" – എന്ന് ഇവിടെ താരതമ്യം ചെയ്തിരിക്കുന്നത് (1:3). വിവരം കെട്ട മൃഗങ്ങൾ ഉടയവനോടു കാണിക്കുന്ന നന്ദിപോലും, ദൈവജനമെന്ന് അവകാശപ്പെടുന്നവർ വീണ്ടെടുപ്പുകാരനോടു കാണിക്കുന്നില്ല. കാള കേവലം ഒരു വീട്ടു മൃഗമാണ്. അതിന്റെ ക്ഷമയും, അധ്വാനശീലവും, യജമാനനോടുള്ള വിധേയത്വവും ശ്രദ്ധേയമാണ്. ഉടയവനെ വ്യക്തമായി അറിഞ്ഞ് അതവന് കീഴ്പ്പെട്ടിരിക്കുന്നു. എന്നാൽ കഴുതയെ സംബന്ധിച്ചോ? ചില മാതാപിതാക്കൾ മക്കളോടു കോപിക്കുമ്പോൾ 'എടാ കഴുതേ' എന്നു വിളിക്കും. വിവരക്കേട്, ഭോഷത്വം, അറിവില്ലായ്മ, മടയത്തരം മുതലായവയുടെ പര്യായപദമാണ് കഴുത. എന്നാൽ അതു പോലും ആരുടെ തീറ്റി മൂലമാണ് അത് തിന്നു കൊഴുത്തിരിക്കുന്നത് എന്ന് മനസ്സിലാക്കുന്നു! എവിടെ നിന്നാണ് തനിക്ക് നിലനിൽപ്പിനാവശ്യമായ ഭക്ഷണം കിട്ടുന്നതെന്ന് കഴുതയ്ക്കറിയാം. എന്നാൽ "എന്റെ ജനമോ? (ദൈവത്തിന്റെ) അവർ ഇന്ന് അനുഭവിക്കുന്ന സന്തോഷവും തൃപ്തിയും ഭൗതിക നന്മകൾ ഒക്കെ എവിടെ നിന്ന് എന്നു മനസ്സിലാക്കാതെ ദൈവത്തെ മറന്ന് മത്സരിച്ച് അഹങ്കാരികൾ ആയിരിക്കുന്നു. കാളയുടെ വിവരവും കഴുതയുടെ അറിവു പോലും; യിസ്രായേലിന്റെ അഹങ്കാരത്തിനെതിരെ ഇതിൽ കൂടുതൽ ഏതു താരതമ്യമാണ് നടത്തേണ്ടത്? ഓർത്തു നോക്കിയാൽ ഇന്നുള്ള ദൈവജനത്തിന്റെ സ്ഥിതി ഇതിലും മെച്ചമാണോ? ഇതിനോടു ചേർന്ന് യിരമ്യാവ് പറയുന്നത് ശ്രദ്ധിക്കുക "ആകാശത്തിലെ പെരുഞ്ഞാറ തന്റെ കാലം അറിയുന്നു; കുറുപ്രാവും മീവൽ പക്ഷിയും കൊക്കും മടങ്ങിവരവിനുള്ള സമയം അനുസരിക്കുന്നു. എന്റെ ജനമോ യഹോവയുടെ ന്യായം അറിയുന്നില്ല (യിര. 8:7).

**നിങ്ങളെ അടിച്ചിട്ട് എന്ത്? നിങ്ങൾ അധികം പിന്മാറുകയുള്ളു (1:5)**

അടിക്കുക എന്നുള്ളതിന്റെ എബ്രായ ആശയം അടിക്കുക, തട്ടിത്താഴെയിടുക, കൊല്ലുക എന്നൊക്കെയാണ്. ഇതു രോഗം, ബാധ, ക്ഷാമം, മരണം മുതലായ രീതിയിൽ ദൈവം മത്സരികളിൽ അയക്കുന്നു. എന്നാൽ ദൈവത്തിന്റെ ശിക്ഷ അനുതാപത്തിനും മടങ്ങിവരവിനും ഉതകാതെ– അഹങ്കാരത്തോടെ അധിക മത്സരത്തിനിടയായാൽ പിന്നെ ആശയ്ക്ക് എന്തു മാർഗ്ഗമാണുള്ളത്? ദൈവം അഹങ്കാരികളോട് എതിർത്തു നിൽക്കുന്നു, താഴ്മയുള്ളവർക്കോ അവൻ കൃപ നൽകുന്നു. ദൈവം എതിർത്താൽ മനുഷ്യന് എന്താണ് നിലനിൽപ്പ്? "അഹങ്കാരിയേ, ഞാൻ നിനക്ക് വിരോധിയായിരിക്കുന്നു എന്ന് സൈന്യങ്ങളുടെ യഹോവയായ കർത്താവിന്റെ അരുളപ്പാട്. നിന്റെ നാൾ, ഞാൻ നിന്നെ സന്ദർശിക്കുന്ന കാലം വന്നിരിക്കുന്നു. അഹങ്കാരി ഇടറി വീഴും; ആരും അവനെ എഴുന്നേൽപ്പി


➤ശേഷം 5–ാം പേജിൽ


**ഇന്നും എത്രയോ ക്രിസ്തീയ മാതാപിതാക്കൾ, തങ്ങളുടെ മക്കളെ മുഷിപ്പിക്കരുതെന്ന് ചിന്തിച്ച് മക്കൾ എന്തു ദോഷങ്ങൾ ചെയ്താലും മൗനമായിരിക്കുന്നുണ്ട്! എന്നാൽ അവർ തങ്ങൾക്കു തന്നെ കുഴി തോണ്ടുകയാണെന്ന് ചിന്തിക്കുന്നില്ല (സദൃശ. 23:13–14, 13:24, 19:18).**




2014 ഡിസംബർ 28 ന് ആരംഭിച്ച കുമ്പനാട് കൺവൻഷനിൽ ഡോ. ഒ.എം. സാമുവേൽ പ്രാരംഭ സന്ദേശം നൽകുന്നു.

**സുവിശേഷ ധ്വനി**

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

**2015 ജനുവരി 03**

പുസ്തകം 37, ലക്കം 35

# പാക്കിസ്ഥാനിലെ കൂട്ടക്കൊല

**"ഹൃദയം എല്ലാറ്റിനേക്കാളും കപടവും വിഷമവുമുള്ളത്."**

**അ**ടുത്ത സമയം പാക്കിസ്ഥാനിലെ പെഷവാറിൽ 125 ലധികം വിദ്യാർത്ഥികളെ ഒരുമിച്ചു കൊന്നൊടുക്കിയത് ലോകത്തെ മുഴുവൻ ഞെട്ടിപ്പിച്ച സംഭവമായിരുന്നു. അമേരിക്കയിൽ സ്കൂൾ കുട്ടികളെ വെടിവെച്ച സംഭവങ്ങൾ ചിലപ്പോഴൊക്കെ ഉണ്ടായിട്ടുണ്ടെങ്കിലും ഇത്രയധികം പിഞ്ചുകുഞ്ഞുങ്ങളെ അതിക്രൂരമായി വെടിവെച്ചു വീഴ്ത്തിയതു പോലുള്ള സംഭവം മുമ്പൊരിക്കലും കേട്ടിട്ടില്ല. തീവ്രവാദത്തിന്റെ മുഖം മറനീക്കി പുറത്തുവന്ന ഒരു ഹീനമായ സംഭവം! എന്തെല്ലാം പ്രതീക്ഷകളോടെ കഷ്ടപ്പെട്ട് വളർത്തിയെടുത്ത കുരുന്നുകളെ ഓമനിച്ച് സ്കൂളുകളിലേക്കയച്ച മാതാപിതാക്കളുടെ ദുഃഖം വർണ്ണനാതീതമാണ്. അവരുടെ തീവ്രമായ മനോവ്യഥയിൽ ഞങ്ങളും പങ്കു ചേരുന്നു. എത്ര തീവ്രവാദികളെയാണ് പാക്കിസ്ഥാനിൽ കഴിഞ്ഞ ദിവസങ്ങളിൽ ബോംബിട്ടു കൊന്നത്! ഈ ദിവസങ്ങളിൽ നാലു ഭീകരരെ വധിച്ച കാര്യവും പത്രദ്വാര നാം അറിഞ്ഞു.

രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ഇതുപോലൊരു കൂട്ടക്കൊല നടന്ന സംഭവം ബൈബിളിൽ പറഞ്ഞിട്ടുണ്ട്. ബേത്ത്ലഹേമിലും പരിസര പ്രദേശങ്ങളിലുമായിരുന്നു ആ കൂട്ടക്കൊല. ആ പ്രദേശങ്ങളുലുണ്ടായിരുന്ന എല്ലാ ആൺകുട്ടികളെയും ക്രൂരമായി വധിച്ചു. ഹെരോദാ രാജാവാണ് ഈ ഹീനമായ കൊലയ്ക്ക് കല്പന പുറപ്പെടുവിച്ചത്. എന്താണിതിനുള്ള പ്രകോപനം? വിദ്വാന്മാർ തന്നെ കളിയാക്കി എന്ന കാര്യത്തിനാണ് ഇത്ര ഭയാനകമായ കല്പന പുറപ്പെടുവിച്ചത്! "റാമയിൽ ഒരു ശബ്ദം കേട്ടു. കരച്ചിലും വലിയ നിലവിളിയും തന്നെ. റാഹേൽ മക്കളെ ചൊല്ലി കരഞ്ഞു. അവർ ഇല്ലായ്കയാൽ ആശ്വാസം കൈക്കൊൾവാൻ മനസ്സില്ലായിരുന്നു" എന്ന യിരമ്യാ പ്രവാചകന്റെ പ്രവചനം അന്നു നിവൃത്തിയായി (മത്താ. 2:17). ഹെരോദാവിന്റെ ക്രൂരഹൃദയം തന്നെയാണ് ഈ ഭീകരരും രണ്ടായിരം വർഷങ്ങൾക്കുശേഷം വെളിപ്പെടുത്തിയിരിക്കുന്നത്.

യേശുക്രിസ്തുവിന്റെ ജനനം രേഖപ്പെടുത്തിയിരിക്കുന്ന അതേ അധ്യായത്തിൽ തന്നെ ഈ ക്രൂരമായ കൊലപാതകവും രേഖപ്പെടുത്തുവാൻ ദൈവാത്മാവിനു പ്രസാദം തോന്നി. ലോകമെമ്പാടും ക്രിസ്മസ് ആഘോഷങ്ങളിൽ മുഴുകിയിരിക്കയാണല്ലോ ഇപ്പോൾ. ദൈവസ്നേഹത്തിന്റെ അത്ഭുതമാർന്ന പ്രദർശനമാണ് ബേത്‌ലഹേമിലെ പുൽത്തൊഴുത്തിൽ കാണുന്നത്. അഖിലാണ്ഡത്തിന്റെ സ്രഷ്ടാവ് തന്റെ ഏകജാതനായ പുത്രനെ നമുക്കു വേണ്ടി തന്ന അത്ഭുതമാർന്ന സ്നേഹം! ദൂതന്മാർ ചേർന്ന് പാടിയ സംഗീതത്തിന്റെ മാധുരി! "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം" (ലൂക്കോ. 2:14). പറഞ്ഞുതീരാത്ത ദാനം നിമിത്തം ദൈവത്തിനു സ്തോത്രം!

അതിക്രമം പെരുകുന്ന ഈ കാലയളവിൽ വിളിച്ചറിയിക്കുവാൻ സ്നേഹത്തിന്റെ സന്ദേശം കർത്താവ് നമ്മെ ഏല്പിച്ചിരിക്കുന്നു. എത്ര അത്ഭുതമാർന്ന ഒരു ദിവ്യ സന്ദേശം അസമാധാനം നിറഞ്ഞ ലോകത്തെ വിളിച്ചറിയിപ്പാൻ കർത്താവ് നമുക്ക് ഭാഗ്യം തന്നിരിക്കുന്നു.

പാക്കിസ്ഥാനിലെ സംഭവം മനുഷ്യഹൃദയം എത്ര ദുഷ്ടത നിറഞ്ഞതാണെന്ന് ഒരിക്കൽ കൂടെ വിളിച്ചറിയിക്കയാണ്. "ഹൃദയം എല്ലാറ്റിനേക്കാളും കപടവും വിഷമവുമുള്ളത്" (യിര. 17:9) desperately wicked എന്നാണ് ഹൃദയത്തേപ്പറ്റി പറഞ്ഞിരിക്കുന്നത്. ഈ നാളുകളിൽ നാം കേൾക്കുന്ന ക്രൂരമായ നരഹത്യകളും ഹീനകൃത്യങ്ങളും ഈ വസ്തുതയാണ് നമ്മുടെ മുമ്പിൽ തെളിയിച്ചു കാണിക്കുന്നത്. ഇതിന്റെ നടുവിൽ കർത്താവ് നിന്നെ സ്നേഹിക്കുന്നു (Jesus Loves You) എന്ന് വിളിച്ചറിയിക്കുന്ന സുവിശേഷം നമ്മുടെ കൈകളിൽ തന്നിരിക്കയാണല്ലോ. ഈ സമാധാന സന്ദേശത്തിനായി ദൈവത്തിനു സ്തോത്രം. ദുഃഖത്തിലാണ്ടിരിക്കുന്ന ഹൃദയങ്ങളെ കാൽവറിയിലെ സ്നേഹം ആശ്വസിപ്പിക്കുമാറാകട്ടെ. ആമേൻ.

**ഇ.ജെ. പൈലി**

# അന്യഭാഷാഭാഷണം ചിട്ടയോടുകൂടി ഉപയോഗിക്കാൻ നല്കപ്പെട്ട വരം

**എം.എം. സഖറിയാ, കോട്ടയം**

**കൊ**രിന്ത് സഭയിലുള്ള ചിലർക്ക് ദൈവം നൽകിയ ഭാഷാവരം ബുദ്ധിപൂർവ്വം അവസരോചിതമായി ഉപയോഗിക്കേണ്ടതിനു പകരം അത് അസ്ഥാനത്ത് ദുരുപയോഗപ്പെടുത്തിക്കൊണ്ടിരുന്നു എന്നുള്ളതാണ് കൊരിന്തു സഭയിലുണ്ടായ ഒരു പ്രശ്നം. ആത്മവരങ്ങളുടെ മൂല്യത്തെക്കുറിച്ചും അവയുടെ ഉദ്ദേശ്യം ഉപയോഗക്രമങ്ങൾ എന്നിവയെപ്പറ്റിയും അവർക്ക് വേണ്ടത്ര അറിവില്ലായിരുന്നു എന്നാണ് കാണുന്നത്.

സഹോദരന്മാരെ ആത്മിക വരങ്ങളെക്കുറിച്ച് നിങ്ങൾ അറിവില്ലാതിരിക്കരുത് എന്നു ഞാൻ ആഗ്രഹിക്കുന്നു (1 കൊരി. 12:1) എന്ന് പൗലോസ് അവരോട് പറയേണ്ടതായി വന്നു. മാത്രമല്ല ഓരോരുത്തന് ആത്മവരങ്ങൾ നൽകപ്പെടുന്നത് പൊതുപ്രയോജനത്തിന് വേണ്ടിയാണെന്ന് പ്രത്യേകം ചൂണ്ടിക്കാണിക്കുകയും ചെയ്തു (12:7). തുടർന്ന് ഒരുത്തന് ഒരു വരവും മറ്റൊരുവന് മറ്റൊരു വരവും എന്ന നിലയിൽ അന്യഭാഷകൾ ഉൾപ്പെടെ എല്ലാ വരങ്ങളും പലർക്കായി വിഭജിച്ച് നൽകപ്പെട്ടിരിക്കയാണെന്നും ഓർപ്പിച്ചു (12:8–11). പ്രസ്തുതവേദഭാഗത്ത് പറയപ്പെട്ടിട്ടുള്ളതിൽ ഏതെങ്കിലും ഒരിനം എല്ലാ വിശ്വാസികൾക്കും വേണ്ടിയുള്ളതല്ലെന്ന് എത്രയോ സ്പഷ്ടമാണ്. അതുപോലെ തന്നെ എല്ലാ വരങ്ങളും ഒരാൾക്ക് വേണ്ടിയുള്ളതല്ലെന്നും വ്യക്തമാണ്. അങ്ങനെയുള്ള ഈ കൃപാവരങ്ങളിൽ തന്നെ വിശ്വാസികൾ പ്രത്യേകം വാഞ്ഛിക്കേണ്ട ശ്രേഷ്ഠവരങ്ങളും താരതമ്യേന പ്രാധാന്യം കുറഞ്ഞ വരങ്ങളും ഉണ്ടെന്നും 31–ാം വാക്യത്തിൽ സൂചിപ്പിച്ചു. തുടർന്നു ആത്മാവിന്റെ ദാനമായി നൽകപ്പെട്ട ഏതു കൃപാവരത്തേക്കാളും ആത്മാവിന്റെ ഫലമായ സ്നേഹമാണ് വലുത് എന്ന് 13–ാം അധ്യായത്തിൽ ചൂണ്ടിക്കാണിച്ചു. പ്രവചനവരം, ഭാഷാവരം, ജ്ഞാനവരം മുതലായവ താല്ക്കാലിക വരങ്ങളിൽപ്പെട്ടവയാണെന്നും അവ ശൈശവകാല ദാനങ്ങൾ എന്ന നിലയിൽ സഭയുടെ പ്രാരംഭ കാലഘട്ടത്തിൽ പ്രത്യേകം നൽകപ്പെട്ട കരുതലുകളാണെന്നും പുരുഷത്വത്തിലേക്ക് കടക്കുമ്പോൾ അവ മാറ്റപ്പെടും എന്നും ദൃഷ്ടാന്തസഹിതം വെളിപ്പെടുത്തിയശേഷമാണ് കൊരിന്തുസഭയിൽ അന്യഭാഷകളുടെ പേരിൽ നിലവിലിരുന്ന പ്രശ്നത്തിലേക്ക് താൻ കടന്നത്.

അവിടെ അന്യഭാഷകൾ സംസാരിപ്പാൻ വരം ലഭിച്ചവർ, തങ്ങൾക്ക് ലഭിച്ച അത്ഭുതകരമായ ആ കഴിവിന് അമിത പ്രാധാന്യം കല്പിച്ച് ഇടപെടുന്നതായിട്ടാണ് പൗലോസ് ഗ്രഹിച്ചത്. ഭാഷാവരം ലഭിച്ചവർ, മറ്റുള്ളവരെയും അവരുടെ കൃപാവരങ്ങളെയും ആദരിക്കാതെ അവഗണിക്കയും അവർക്ക് അവസരം നിഷേധിച്ച് സമയം അപഹരിക്കയും ചെയ്തു തുടങ്ങിയപ്പോൾ അവിടെ സ്നേഹക്കുറവും അസ്വസ്ഥതയും ഉടലെടുത്തു. ഒരേ കൂടിവരവിൽ ഒരു ക്രമവും പാലിക്കാതെ അനേകർ

**പ്രവചനവരം, ഭാഷാവരം, ജ്ഞാനവരം മുതലായവ താല്ക്കാലിക വരങ്ങളിൽപ്പെട്ടവയാണെന്നും അവ ശൈശവകാല ദാനങ്ങൾ എന്ന നിലയിൽ സഭയുടെ പ്രാരംഭ കാലഘട്ടത്തിൽ പ്രത്യേകം നൽകപ്പെട്ട കരുതലുകളാണെന്നും പുരുഷത്വത്തിലേക്ക് കടക്കുമ്പോൾ അവ മാറ്റപ്പെടും എന്നും ദൃഷ്ടാന്തസഹിതം വെളിപ്പെടുത്തിയശേഷമാണ് കൊരിന്തുസഭയിൽ അന്യഭാഷകളുടെ പേരിൽ നിലവിലിരുന്ന പ്രശ്നത്തിലേക്ക് താൻ കടന്നത്.**

അന്യഭാഷകൾ സംസാരിച്ചു. ചിലപ്പോൾ ഒരേ നിമിഷത്തിൽ തന്നെ ഒന്നിലധികം ആളുകൾ ഒരുമിച്ച് സംസാരിച്ചു. അന്യഭാഷകൾ വശമില്ലാത്ത കൊരിന്തിലെ വിശ്വസികൾ വെറുതെ നോക്കിയിരുന്നു സമയം പാഴാക്കേണ്ടിവന്നു. ഇതെല്ലാം മനസ്സിലാക്കിയതുകൊണ്ടാണ് കേൾവിക്കാർക്ക് അന്യഭാഷ സംസാരിച്ചവരെ നോക്കി "സഹോദരന്മാരെ, ബുദ്ധിയിലോ മുതിർന്നവരാകുവിൻ" എന്ന് അപ്പൊസ്തലൻ എഴുതിയത്.

കൊരിന്തിലെ വിശ്വാസികൾക്ക് തിരിച്ചറിവാൻ കഴിയാത്ത വിധത്തിൽ വിദേശഭാഷകളിൽ ദൈവത്തോട് സംസാരിക്കുന്നവരും മറ്റുള്ളവർക്ക് കാര്യം ഗ്രഹിച്ച് ആമേൻ പറവാൻ കഴിയാത്ത വിധം അന്യഭാഷകളിൽ സ്തോത്രം ചെയ്യുന്നവരും ദൈവം അവർക്ക് നൽകിയ ബുദ്ധിശക്തി ഫലകരമായി ഉപയോഗിക്കുന്നില്ലെന്നാണ് പൗലോസ് അവരെ കുറ്റപ്പെടുത്തുന്നത്. അവർക്ക് നൽകപ്പെട്ട കൃപാവരം ഉപയോഗിക്കുമ്പോൾ സഭയ്ക്കു ആത്മികവർദ്ധനയ്ക്കും പ്രബോധനത്തിനും ആശ്വാസത്തിനും ഉതകുന്നില്ല. അതുകൊണ്ട് സഭയ്ക്ക് പൊതുവെ പ്രയോജനം ലഭിക്കാത്ത നിലയിൽ സഭയിൽ അന്യഭാഷയിൽ സംസാരിച്ചുകൂടാ എന്നാണ് പൗലോസ് അവരോട് ആജ്ഞാപിച്ചത്. സ്വയം ആത്മികവർദ്ധന ഉണ്ടാകത്തക്കവണ്ണം ദൈവവുമായി അന്യഭാഷയിൽ സംസാരിക്കണമെങ്കിൽ സഭയിൽ മിണ്ടാതെ താനും ദൈവവുമായി മാത്രം സംസാരിക്കേണ്ടതാണ്. 14:2–ൽ പറഞ്ഞിരിക്കുന്നതുപോലെ ദൈവത്തോടാണ് സംസാരിക്കുന്നതെങ്കിലും ആ അന്യഭാഷാഭാഷണം ആരും തിരിച്ചറിയാത്തതുകൊണ്ട് ആ വിധത്തിൽ സഭയിൽ അത് ആവർത്തിച്ചുകൂടെന്നാണ് 28–ാം വാക്യം അനുശാസിക്കുന്നത്.

6–ാം വാക്യത്തിലെ ചോദ്യം ശ്രദ്ധേയമാണ്. സഹോദരന്മാരെ, ഞാൻ വെളിപ്പാടായിട്ടോ ജ്ഞാനമായിട്ടോ പ്രവചനമായിട്ടോ ഉപദേശമായിട്ടോ നിങ്ങളോട് സംസാരിക്കാതെ അന്യഭാഷകളിൽ സംസാരിച്ചുകൊണ്ട് നിങ്ങളുടെ അടുക്കൽ വന്നാൽ നിങ്ങൾക്ക് എന്തു പ്രയോജനം? 'നിങ്ങളോടു സംസാരിക്കാതെ' എന്ന വാക്കുകൾ ശ്രദ്ധിക്കുക. നിങ്ങൾ ചെയ്യുന്നതുപോലെ സഭയിൽ വന്ന് ആർക്കും മനസ്സിലാകാത്ത വിധം അന്യഭാഷകളിൽ സംസാരിക്കുന്നതിന്റെ ബുദ്ധികേടാണ് അവിടെ എടുത്തുകാണിക്കുന്നത്.

കുഴൽ, വീണ മുതലായ സംഗീതോപകരണങ്ങൾ നിർജ്ജീവ സാധനങ്ങൾ ആണെങ്കിൽ പോലും നാദഭേദം കൊണ്ട് അർത്ഥം വ്യക്തമാകുന്നു എന്നും കാഹളം തെളിവായ നാദം കൊടുക്കുന്നതുകൊണ്ടാണ് പടയാളികൾ കാര്യം ഗ്രഹിച്ച് പടയ്ക്ക് തയ്യാറെടുക്കുന്നത് എന്നും ഉദാഹരണം ചൂണ്ടിക്കാണിച്ചിരിക്കുന്നത് എന്തിന് വേണ്ടിയാണ്? ഭാഷ തിരിച്ചറിഞ്ഞ് അർത്ഥം ഗ്രഹിപ്പാൻ പറ്റാത്ത ആളുകളുടെ നടുവിൽ ഭാഷാവരം ദുർവിനിയോഗം ചെയ്ത കൊരിന്തിലെ അന്യഭാഷക്കാർക്ക് ബുദ്ധിയുപദേശം നൽകാൻ വേണ്ടി തന്നെയാണ്. അതുപോലെ നിങ്ങളും നാവുകൊണ്ട് തെളിവായ വാക്ക് ഉച്ചരിക്കാഞ്ഞാൽ സംസാരിക്കുന്നത് എന്തെന്ന് എങ്ങനെ അറിയും? ഈ ചോദ്യങ്ങൾ ഓരോന്നും സ്വയം മറുപടി തരുന്നതും അർത്ഥപൂർണ്ണവുമാണ്. സംസാരിക്കുന്നത് എന്തെന്ന് കേൾക്കുന്നവർ അറിയത്തക്കവണ്ണമേ സംസാരിക്കാവൂ എന്നാണ് സാരം. സന്നിഹിതരായിരിക്കുന്ന ആളുകളെ കണ്ടില്ലെന്ന മട്ടിൽ കണ്ണു മടച്ച് അന്യഭാഷകളിൽ സംസാരിപ്പാൻ പാടില്ല എന്നാണ് കൊരിന്ത്യരെ ഉദ്ബോധിപ്പിച്ചത്.

ഞാൻ അന്യഭാഷയിൽ പ്രാർത്ഥിക്കുന്നു എങ്കിൽ എന്റെ ആത്മാവ് പ്രാർത്ഥിക്കുന്നു, എന്റെ ബുദ്ധിയോ അഫലമായിരിക്കുന്നു. ആകയാൽ ഞാൻ ആത്മാവുകൊണ്ടു പ്രാർത്ഥിക്കും, ബുദ്ധികൊണ്ടും പ്രാർത്ഥിക്കും എന്ന് പൗലോസ് പറയുന്ന ആ എങ്കിൽ പ്രയോഗം ഒരു സങ്കല്പമാണ്. അതായത്, രണ്ടാം വാക്യത്തിൽ പറയുന്നതുപോലെ സഭയിൽ ഞാൻ അന്യഭാഷയിൽ പ്രാർത്ഥിക്കുന്നു എന്നു കരുതുക; അപ്പോൾ എന്റെ ആത്മാവു പ്രാർത്ഥിക്കുന്നു ശരിതന്നെ; എന്നാൽ മറ്റാർക്കും ആമേൻ പറയാൻ കഴിയാത്തതുകൊണ്ട് ഞാൻ എന്റെ ബുദ്ധി ഫലപ്രദമായി ഉപയോഗിക്കുന്നില്ല. ആ പ്രാർത്ഥന ആത്മാവിലുള്ള പ്രാർത്ഥനയാണെങ്കിലും ബുദ്ധിപൂർവ്വമായ പ്രാർത്ഥന അല്ല. അതുകൊണ്ട് ഞാൻ ആത്മാവിൽ പ്രാർത്ഥിക്കും അപ്പോൾ തന്നെ ബുദ്ധികൊണ്ടു കൂടി അതായത് ബുദ്ധിപൂർവ്വമായി – ബുദ്ധിസഫലമാക്കി കൊണ്ടു കൂടി പ്രാർത്ഥിക്കും എന്നാണ് താൻ പറയുന്നത്. അല്ലാതെ ചിലപ്പോഴൊക്കെ ആത്മാവിലും ചിലപ്പോൾ ആത്മാവിൽ അല്ലാതെയും പ്രാർത്ഥിക്കും എന്നല്ല. ഞാൻ അവസരോചിതമായി പ്രാർത്ഥിച്ചാൽ എന്റെ ബുദ്ധി അഫലമാക്കി കളയുന്നില്ലെന്ന് സാരം. പൗലോസ് തന്നെതന്നെ സങ്കല്പ കഥാപുരുഷനാക്കി കാണിച്ചു കൊണ്ട് ഒരു പൊതു പ്രമാണം പറകയാണ് ചെയ്തത്. ചുരുക്കിപ്പറഞ്ഞാൽ കൊരിന്തു സഭയിൽ ഒരാൾ അന്യഭാഷയിൽ പ്രാർത്ഥിക്കുന്നു എന്നു കരുതുക. അവന്റെ ആത്മാവാണ് പ്രാർത്ഥിക്കുന്നത്. എങ്കിലും അത് മറ്റുള്ളവർക്ക് ആമേൻ പറയത്തക്കവണ്ണം തിരിച്ചറിവാൻ കഴിയാത്തതായതുകൊണ്ട് അവന്റെ ബുദ്ധി ഉപയോഗപ്പെടുത്തപ്പെട്ടില്ല. അതുകൊണ്ടാണ് എന്റെ ബുദ്ധിയോ അഫലമായിരിക്കുന്നു എന്നു പറയുന്നത്. അല്ലാതെ അന്യഭാഷ സംസാരിക്കുമ്പോൾ എന്റെ സുബോധം നഷ്ടപ്പെട്ടു പോകുന്നു എന്നല്ല.

അന്യഭാഷ ലഭിച്ചവനെ അന്യഭാഷക്കാരൻ എന്ന് 28–ാം വാക്യത്തിൽ വിളിച്ചിരിക്കുന്നു. അതുകൊണ്ടു തന്നെ കൊരിന്തിലെ വിശ്വാസികൾ എല്ലാവരും ഒന്നടങ്കം അന്യഭാഷ

**കൊരിന്തിലെ വിശ്വാസികൾ എല്ലാവരും ഒന്നടങ്കം അന്യഭാഷ കിട്ടിയവരല്ലെന്ന് തെളിയുന്നു. മാത്രമല്ല എവിടെ എപ്പോൾ അന്യഭാഷ സംസാരിക്കണം, എപ്പോൾ സംസാരിച്ചു കൂടാ എന്ന് ആലോചിച്ചു തീരുമാനിച്ച് പ്രവർത്തിക്കത്തക്കവണ്ണം അന്യഭാഷ അന്യഭാഷക്കാരന്റെ കൈവശാധികാരത്തിലും നിയന്ത്രണത്തിലും ആയിരുന്നു എന്നും കാണുന്നു. തികഞ്ഞ സുബോധത്തോടും ചിട്ടയോടും കൂടെ ഉപയോഗപ്പെടുത്തേണ്ട ഒരു വരമായിരുന്നു അന്യഭാഷ.**

കിട്ടിയവരല്ലെന്ന് തെളിയുന്നു. മാത്രമല്ല എവിടെ എപ്പോൾ അന്യഭാഷ സംസാരിക്കണം, എപ്പോൾ സംസാരിച്ചു കൂടാ എന്ന് ആലോചിച്ചു തീരുമാനിച്ച് പ്രവർത്തിക്കത്തക്കവണ്ണം അന്യഭാഷ അന്യഭാഷക്കാരന്റെ കൈവശാധികാരത്തിലും നിയന്ത്രണത്തിലും ആയിരുന്നു എന്നും കാണുന്നു. തികഞ്ഞ സുബോധത്തോടും ചിട്ടയോടും കൂടെ ഉപയോഗപ്പെടുത്തേണ്ട ഒരു വരമായിരുന്നു അന്യഭാഷ.

ആധുനിക കാലത്ത് കാണപ്പെടുന്ന അന്യഭാഷാഭാഷണപ്രകടനങ്ങൾ പെന്തക്കോസ്തു നാളിൽ നല്കപ്പെട്ട ഭാഷാവരത്തോട് ഒരു വിധത്തിലും പൊരുത്തപ്പെടുന്നതല്ല. കൊരിന്ത്യർ ദുർവിനിയോഗപ്പെടുത്തി എങ്കിലും അവർക്ക് നല്കപ്പെട്ടതെങ്കിലും അന്യഭാഷകളായിരുന്നു. എന്നാൽ ആധുനിക മറുഭാഷ, ഒരു ഭാഷയുമല്ലാത്ത മിശ്രപദഘോഷണങ്ങൾ മാത്രമാണ്. 1 കൊരി. 14 ലെ പ്രമാണങ്ങളും വിലക്കുകളും എല്ലാം ലംഘിക്കുന്ന പരസ്യ പ്രകടനങ്ങൾ തന്നെയാണ് അത്.

*(ആത്മനിറവും അന്യഭാഷാഭാഷണവും എന്ന ഗ്രന്ഥത്തിൽ നിന്ന്)*

ഗോത്രങ്ങൾ തേടി.....93



# ബഗേലി

**ജനസംഖ്യ : 80 ലക്ഷം**

**സാക്ഷരത : സാമാന്യം**

**തിരുവചന ലഭ്യത : വേദപുസ്തക പരിഭാഷ ആരംഭിച്ചിട്ടില്ല**

**എൺപതു ലക്ഷത്തോളം വരുന്ന ഇവിടുത്തെ ജനങ്ങളുടെ ഭാഷയിൽ ദൈവവചനം ഇതുവരെ തർജ്ജമ ചെയ്യപ്പെട്ടിട്ടില്ല.**

**വ**ടക്കു കിഴക്കൻ മധ്യപ്രദേശിലെ രീവാ, സത്ന, സിധി, ഷാഡോൽ എന്നീ ജില്ലകൾ ഉൾപ്പെടുന്ന, വരണ്ടതെങ്കിലും പ്രകൃതിരമണീയമായ പ്രദേശമാണ് ബഗേൽഖണ്ഡ്. ആരേയും ആകർഷിക്കുന്ന 'കൈമൂർ' പർവ്വതനിരകൾ ഈ ഭൂമിയെ രണ്ടു ഭാഗങ്ങളായി വേർതിരിക്കുവിധം തരിശു ഭൂമിക്കു മീതെ ഉയർന്നു നിൽക്കുന്നു. അഗാധമായ താഴ്വരകൾ തീർത്തുകൊണ്ട് പല നദികളും ഈ ദേശത്തിനു കുറുകെ ഒഴുകുന്നു. താരതമ്യേന ഉയർന്ന താപനിലയുള്ള ഇവിടെ മഴ വളരെ കുറച്ചു മാത്രമാണ് ലഭിക്കുന്നത്. എന്നാൽ കാലവർഷത്തിലാകട്ടെ വെള്ളപ്പൊക്കം മൂലം റോഡുകൾ സഞ്ചാരയോഗ്യമല്ലാതാകുന്നു. ചുവപ്പും, കറുപ്പും ഇടകലർന്ന മണ്ണുള്ള ഈ ഭൂമി ഫലഭൂയിഷ്ഠവും, നെല്ല്, ഗോതമ്പ്, പയറുവർഗ്ഗങ്ങൾ എന്നീ വിളകൾക്ക് അത്യുത്തമവുമാണ്.

കൃഷിഭൂമിയെ ആദരിക്കുകയും അതിനോട് അഭേദ്യമായ ബന്ധം പുലർത്തുകയും ചെയ്യുന്ന സാധാരണക്കാരായ ബഗേലി ഭാഷക്കാർ യാഥാസ്ഥിതിക മനോഭാവമുള്ളവരാണ്. ഇരുപത്തേഴിൽപരം പ്രധാന സമൂഹങ്ങൾ ഇവിടെയുണ്ട്. പരമ്പരാഗതമായ വ്യത്യസ്ത ആചാര അനുഷ്ഠാനങ്ങളും ശക്തമായ ജാത്യഭേദവും ഇവർ കൃത്യമായി നിലനിർത്തുന്നു. അവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതിക്കനുസരിച്ച് കല്ല്, മണ്ണ് എന്നിവ കൊണ്ട് നിർമ്മിച്ച ലളിതമായ വീടുകളിലാണ് ഇവർ താമസിക്കുന്നത്. വീടുകളുടെ മേൽക്കൂരകൾ പുല്ല് മേഞ്ഞവയാണ്. സാധാരണയായി പുരുഷന്മാർ 'ധോത്തി'യും സ്ത്രീകൾ സാരിയും ധരിക്കുന്നു. എന്നാൽ ചില ഗ്രാമങ്ങളിൽ സ്ത്രീകളേയും ധോത്തി ധരിച്ചവരായി കാണാം. ഒരു വലിയ വിഭാഗം ജാതികളും, ഗോത്രവിഭാഗങ്ങളും സംസാരിക്കുന്ന ബഗേലി ഭാഷ ഇവരെ ഒന്നിച്ചു നിർത്തുന്ന കണ്ണി കൂടിയാണ്. ജാതിവിവേചനം ശക്തമായ ഇവിടെ ഒരു വ്യക്തിയുടെ സമൂഹത്തിലെ സ്ഥാനം നിർണ്ണയിക്കപ്പെടുന്നത് തന്റെ ജാതിക്കനുസരിച്ചാണ്. കൂടുതൽ ആളുകളും ഹിന്ദുമതവിശ്വാസികളാണെങ്കിലും മുസ്ലീങ്ങളും ക്രൈസ്തവരും ബഗേലികളുടെ ഇടയിൽ ഉണ്ട്. ക്രൈസ്തവരിൽ മിക്കവരും താഴ്ന്ന ജാതിയിൽ നിന്നുള്ളവരും, എല്ലാവരിലും വച്ച് നിർദ്ധനരായി തുടരുകയും ചെയ്യുന്നതുകൊണ്ടു തന്നെ ബഗേൽഖണ്ഡിൽ ക്രിസ്ത്യാനി എന്നാൽ താഴ്ന്ന ജാതിക്കാരൻ എന്നു കരുതപ്പെടുന്നു. സമൂഹിക വ്യവസ്ഥിതി കാത്തു സൂക്ഷിക്കുന്നതും, ജാതിവ്യവസ്ഥിതിക്കുള്ള അമിത പ്രാധാന്യവും മൂലം സുവിശേഷത്തോടുള്ള ഇവരുടെ പ്രതികരണം തണുത്തതാണ്.

സാഹിത്യം, സംഗീതം, കല എന്നിവ ബഗേൽഖണ്ഡ് സംസ്കാരത്തിന്റെ പ്രധാനപ്പെട്ട ഘടകങ്ങളാണ്. എങ്കിലും എൺപതു ലക്ഷത്തോളം വരുന്ന ഇവിടുത്തെ ജനങ്ങളുടെ ഭാഷയിൽ ദൈവവചനം ഇതുവരെ തർജ്ജമ ചെയ്യപ്പെട്ടിട്ടില്ല. ദൈവമഹത്വത്തെ പ്രകീർത്തിക്കുന്ന സങ്കീർത്തനങ്ങൾ ബഗേൽഖണ്ഡിന്റെ ഹൃദയഭാഷയായ ബഗേലിയിൽ ആലപിക്കപ്പെടുവാൻ കാത്തിരിക്കുന്നു.



### പ്രാർത്ഥനയ്ക്കായി

- ജാതിവ്യവസ്ഥയ്ക്ക് അതിപ്രാധാന്യം കൊടുക്കുന്ന ബഗേലി ഭാഷക്കാരെ അവരുടെ സംസ്കാരത്തിന്റെ നല്ല വശങ്ങളെ ഉൾക്കൊണ്ട് നേടേണ്ടതിനായി ദൈവം തന്റെ ദൂതുവാഹകരെ എഴുന്നേല്പ്പിക്കേണ്ടതിന്...
- ക്രിസ്തുവിന്റെ നാമം പ്രതിനിധീകരിക്കുന്നവർ മൂലം ദൈവനാമം ദുഷിക്കപ്പെടാതെ മഹത്വപ്പെടേണ്ടതിന്...
- ബഗേലി ഭാഷയിലേക്ക് തിരുവചന പരിഭാഷയ്ക്കായി സമർപ്പിക്കപ്പെട്ടവർ ഒരുക്കപ്പെടേണ്ടതിനും വഴികൾ തുറക്കപ്പെടേണ്ടതിനും...

**ഇ.ജെ.പി.** (കടപ്പാട്: എൻ.എൽ.സി.ഐ.)




# അവരെ പിന്നെയും മാനസാന്തരത്തിലേക്ക് പുതുക്കുവാൻ കഴിവുള്ളതല്ല! ആരാണിവർ?

അനിൽ എസ്. അമ്പലവയൽ

**5. അവരെ പിന്നെയും മാനസാന്തരത്തിലേക്ക് പുതുക്കുവാൻ കഴിവുള്ളതല്ല. ആരെ? എന്തുകൊണ്ട്?**

ഒട്ടുവളരെ പ്രാധാന്യത്തോടെ നാം ലേഖനത്തിന്റെ പ്രസക്തമായ ഭാഗം പരിശോധിക്കുകയാണ്. ആറാം അധ്യായത്തിലെ 1 മുതൽ 8 വരെയുള്ള ഭാഗങ്ങളെ നാം എങ്ങനെ കാണുന്നു അതേപോലെ തന്നെ കാണേണ്ട ഭാഗങ്ങളാണ് 10: 26–29 വരെ. ഒരേ കൂട്ടരുടെ ഒരേ കാര്യം തന്നെയാണ് ഇവിടെ രണ്ടിടത്തും കാണുന്നത്. എബ്രായ ലേഖനവായനക്കാരുടെ പ്രസക്തവും പ്രഥമവും ആയ പ്രശ്നം അവർ യഹൂദാ മതത്തിലേക്ക് മടങ്ങിപ്പോകാൻ സാധ്യതയുള്ളവരായിരുന്നു എന്നത്രേ. രക്ഷിക്കപ്പെട്ട് ദൈവമക്കളായ ഇവർ പോകുമെന്നത് തീർച്ചയാണ്. അതിന്റെ കാരണങ്ങൾ നാം കണ്ടതാണല്ലോ. തീർച്ചപ്പെടുത്തിയ തിരിച്ചുപോക്കിന് തീർത്തും തടസ്സം സൃഷ്ടിച്ച് ക്രിസ്തുവിൽ ഉറപ്പിക്കുക. ഒരാൾപോലും ക്രിസ്ത്യാനിത്വം വിട്ട്, ക്രിസ്തുവിനെ വിട്ട്, വലിയ രക്ഷ വിട്ട്, പ്രൗഢിയോടെ പ്രതാപത്തോടെ പ്രതീക്ഷയോടെ അർപ്പിക്കുന്ന യാഗഹോമാദികൾ കൊണ്ട്, മതപരമായ കർമ്മകാണ്ഡങ്ങൾ കൊണ്ട് പ്രോജ്ജ്വലിക്കുന്ന യഹൂദാമതത്തിലേക്കും കമനീയ കനക പ്രഭ വിതറി സുവർണ്ണ ശോഭയോടെ തലയുയർത്തി നിൽക്കുന്ന യഹൂദന്റെ ആഗ്രഹവും ആവേശവും ആയ യെരുശലേം ദൈവാലയത്തിന്റെ തിരുമുറ്റത്തിലേക്ക് ഒരിക്കലും പോകരുത്. അതിനു വേണ്ടി മാത്രമാണ് ഘനമേറിയ, കരുത്തേറിയ ആത്മനിശ്വസ്തമായ ലേഖനം പ്രബന്ധ രൂപേണ എഴുതുവാൻ ആത്മാവിന്റെ പ്രേരണ ഉണ്ടായത്. രക്ഷിക്കപ്പെട്ട ഒരു യഹൂദൻ പിന്മാറ്റത്തിന് പ്രേരകമായ ചിന്തകളാലും ചോദ്യങ്ങളാലും നിറഞ്ഞിരിക്കുന്ന ഒരു വ്യക്തി ഒരു വലിയ ധൈഷണികനാണെങ്കിലും അവന്റെ ചോദ്യങ്ങൾക്കും കൂടെ ദൈവാത്മാവ് ലേഖനകാരനിലൂടെ മറുപടി നൽകി സംശയ നിവാരണം വരുത്തിയിരിക്കുന്നു. യേശുക്രിസ്തുവിനെ അപരിമേയനും ആകാശത്തിന്റെ അനന്തതയെക്കാളും മഹത്വമുള്ള ദൈവവുമായി കാണിക്കുന്നു. നിത്യസിംഹാസനമുള്ള നിത്യദൈവം (എബ്രാ. 1:8), സർവ്വവും സൃഷ്ടി ചെയ്ത സർവ്വശക്തൻ (1:3), മൂന്നു കാലങ്ങളിലും ഉണ്ടായിരുന്ന് വർത്തിക്കുന്ന മാറ്റമില്ലാത്തവൻ (13:8) അങ്ങനെ യേശുക്രിസ്തുവിനെ ഏറ്റവും ഉയർത്തിക്കാണിക്കുന്നു. ഈ ക്രിസ്തുവിനെ വിട്ട് ആർക്കും യഹൂദാ മതത്തിലേക്ക് മടങ്ങിപോകാൻ കഴിയില്ല. വായനക്കാരിൽ ആരെങ്കിലും ഇത്രയും അറിവു ലഭിച്ചിട്ടും മടങ്ങിപ്പോകുന്നെങ്കിൽ ആ കൂട്ടരെയാണ് 'അവർ' എന്നു പറഞ്ഞിരിക്കുന്നത് (6:5,6). അങ്ങനെ ആരെങ്കിലും പോകുന്നെങ്കിൽ മശിഹായെ പ്രതീക്ഷിക്കുന്ന യഹൂദമതത്തിലേക്കാണ്; അപ്പോൾ ക്രൂശിൽ മരിച്ചത് ഏതോ വിപ്ലവകാരിയാണ്, ദൈവദൂഷണം പറഞ്ഞ ഏതോ ഒരുവനാണ് അല്ലെങ്കിൽ ഏതോ ഒരു കുറ്റവാളിയാണ്. അതിനാലാണ് അവന്റെ രക്തം പാപപരിഹാരം വരുത്തുന്നതല്ല എന്നും അത് മലിനം എന്ന് നിരൂപിക്കാനും കാരണം (10:29). മലിനമായി കണ്ട ഒരുവനെ നിസ്സാരനായി കണ്ട ഒരുവനെ നിഷേധിച്ച് മറികടന്ന് യഹൂദാമതത്തിലേക്ക് പോകുന്നതിനെയാണ് ദൈവപുത്രനെ ചവിട്ടിക്കളയുക (10:29) എന്ന് പറഞ്ഞിരിക്കുന്നത്. അങ്ങനെ അവർ പോകുമ്പോൾ പ്രതീക്ഷിക്കുന്നത്, മശിഹ വരും, അവരുടെ പാപത്തിന് പരിഹാരം വരുത്തും അതായത് തങ്ങൾക്കു വേണ്ടി യാഗമായി തീരും എന്നാണ് (6:26). അങ്ങനെ തങ്ങൾക്കു വേണ്ടി തന്നെ വീണ്ടും ഒരു യാഗം ശേഷിക്കുന്നുണ്ട് എന്നാണ് അവർ പറയുന്നത്. ലേവിയാഗങ്ങളുടെ പൊരുൾ വന്നു കഴിഞ്ഞു. ആയതിനാൽ ഇനി ഒരു യാഗവും ശേഷിക്കുന്നില്ല (10:26). എത്രയോ ഉന്നതമായി എബ്രായ ലേഖനത്തിൽ വെളിപ്പെടുത്തിയ സത്യങ്ങളെയും ശക്തിയുള്ള പ്രബോധനങ്ങളെയും അവഗണിച്ചുകൊണ്ട് പോകുന്നവർ ആരായാലും യഹൂദാ മതത്തിൽ ഇനി ഒരു പൊരുളായ യാഗം നടക്കാനില്ലാത്തതുകൊണ്ട് അവരെ മാനസാന്തരത്തിലേക്ക് പുതുക്കുവാൻ കഴിവുള്ളതല്ല.

**എത്രയോ ഉന്നതമായി എബ്രായ ലേഖനത്തിൽ വെളിപ്പെടുത്തിയ സത്യങ്ങളെയും ശക്തിയുള്ള പ്രബോധനങ്ങളെയും അവഗണിച്ചു കൊണ്ട് പോകുന്നവർ ആരായാലും യഹൂദാ മതത്തിൽ ഇനി ഒരു പൊരുളായ യാഗം നടക്കാനില്ലാത്തതുകൊണ്ട് അവരെ മാനസാന്തരത്തിലേക്ക് പുതുക്കുവാൻ കഴിവുള്ളതല്ല.**

**മാനസാന്തരത്തിലേക്ക് പുതുക്കുവാൻ കഴിവുള്ളതല്ല എന്ന് പരാമർശിച്ച ഇവർ രക്ഷിക്കപ്പെട്ടവരോ? അവരുടെ അവസാനം!...**

അവർ രക്ഷിക്കപ്പെട്ടവരോ? അവർ ആരാണ് എന്ന ചോദ്യത്തിന് വ്യക്തമായ മറുപടി വേണം. യഹൂദാമതത്തിൽ നിന്നും രക്ഷിക്കപ്പെട്ട ദൈവമക്കളായിരുന്നു അവർ. അതിനുള്ള തെളിവുകൾ: സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചവർ (10:26), വിശുദ്ധീകരിക്കപ്പെട്ടവർ ആയിരുന്നു (10:29), ഒരിക്കൽ പ്രകാശനം ലഭിച്ചവർ (6:4), സ്വർഗ്ഗീയ ദാനം ആസ്വദിച്ചവർ (6:4) പരിശുദ്ധാത്മാവിനെ പ്രാപിച്ചവർ (6:5) ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കുകയും ചെയ്തവർ ( 6:5). ആറാം അധ്യായം തുടങ്ങുന്നത് അതുകൊണ്ട് എന്ന പദത്തോടു കൂടിയാണ്. അതുകൊണ്ട് അഞ്ചാം അധ്യായം കൂടെ ചേർത്ത് ചിന്തിക്കണം. കാലം നോക്കിയാൽ ഇപ്പോൾ ഉപദേഷ്ടാക്കന്മാർ ആയിരിക്കേണ്ടുന്നവർ (5:12). അതായത് ദൈവസഭയിൽ ഉപദേഷ്ടാക്കന്മാർ ആയിരിക്കണമെങ്കിൽ രക്ഷിക്കപ്പെട്ടവർ ആയിരിക്കണമല്ലോ. ഈ അധ്യായങ്ങളിലെ പലഭാഗങ്ങളും വിശദീകരിക്കാനുള്ള വിഷമം മുന്നിൽ കണ്ടുകൊണ്ട് പലരും ഈ ഭാഗങ്ങളെ വളച്ചൊടിച്ച് തെറ്റായ രീതിയിൽ പ്രസ്താവിക്കാറുണ്ട്. എന്നാൽ ഈ വസ്തുതകളെ സത്യസന്ധമായി പരിഗണിച്ചാൽ അവർ രക്ഷിക്കപ്പെട്ടരാണെന്ന് സംശയലേശമെന്യേപറയാൻ കഴിയും. എന്നാൽ ലേഖനം എഴുതുന്ന കാലം ഇവർ യെഹൂദാ മതത്തിൽ തുടരുന്നവരുടെ ഇടയിലാണ്. രക്ഷിക്കപ്പെടാത്ത യെഹൂദന്മാർ യേശുക്രിസ്തുവിന്റെ യാഗത്തിൽ വിശ്വസിക്കാത്തവരും അത് അംഗീകരിക്കാത്തവരും ആണ്. കാരണം അത് മശിഹ ആയിരുന്നില്ല എന്നു ചിന്തിച്ചിരുന്നതുകൊണ്ട് അവരുടെ വിശ്വാസപ്രകാരം മശിഹാ ഇനി വരാനിരിക്കുന്നതേയുള്ളൂ. അതിനു വേണ്ടിയാണ് അവർ ജീവിക്കുന്നതും കർമ്മങ്ങൾ അനുഷ്ഠിക്കുന്നതും. നടന്നു കൊണ്ടിരിക്കുന്ന ലോവ്യയാഗങ്ങൾ മശിഹയുടെ വരവിനെ വിളിച്ചറിയിച്ചുകൊണ്ടിരിക്കുന്നു. പുരാതന മതപാരമ്പര്യമുള്ള യഹൂദന്മാരുടെ ഇടയിലാണ് രക്ഷിക്കപ്പെട്ട യഹൂദന്മാർ കഴിയുന്നത്.

➤ശേഷം 5-ാം പേജിൽ



വന്ന വഴികൾ - 14

# ജോലിയോടുകൂടെ സുവിശേഷമറിയിക്കുന്ന വീരപടയാളികൾ

ഇ.ജെ. പൈലി, അങ്കമാലി

**"ഗവൺമെന്റ് എന്നെ നരകത്തിലേക്ക് സ്ഥലം മാറ്റിയാലും ഞാൻ അവിടെയും സുവിശേഷമറിയിക്കും."**



**ജോ**ധ്പൂരിലെ എയർഫോഴ്സ് എസ്റ്റാബ്ലിഷ്മെന്റിൽ ജോലി ചെയ്തുകൊണ്ട് സുവിശേഷമറിയിച്ച ഒരു വീരപടയാളിയേപ്പറ്റി കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിച്ചിരുന്നല്ലോ. അങ്ങനെയുള്ള മറ്റൊരാളെപ്പറ്റി കേട്ടിട്ടുണ്ട്. മിലിറ്ററി സേവനത്തിനിടെ സുവിശേഷമറിയിച്ചു എന്ന "കുറ്റത്തിന്" അദ്ദേഹത്തിന് കുറ്റപത്രം നല്കുകയും ജോലിയിൽ നിന്ന് പിരിച്ചു വിടാൻ എല്ലാ പേപ്പറുകളും തയ്യാറാക്കി ഒടുവിൽ ഫയൽ ഡിഫൻസ് മിനിസ്റ്ററുടെ അടുക്കലെത്തി. അന്ന് വി.കെ. കൃഷ്ണമേനോനായിരുന്നു കേന്ദ്ര പ്രതിരോധമന്ത്രി. അദ്ദേഹം ആ നിർദ്ദേശം തള്ളിക്കളഞ്ഞു. അങ്ങനെ നമ്മുടെ സഹോദരന് സർവ്വീസിൽ തുടരാൻ കഴിഞ്ഞു.

മറ്റൊരാളുടെ കാര്യം ഓർമ്മയിൽ വരുന്നത് സഹോ. ഭഗവാൻ ദാസാണ്. താൻ ഒരു സീനിയർ I.P.S. ആഫീസറായി അരുണാചൽ പ്രദേശിൽ ജോലിയിലായിരുന്നപ്പോൾ അവിടെ സുവിശേഷം അറിയിക്കുമായിരുന്നു. ഈ വിവരം ഗവർണ്ണരുടെ ശ്രദ്ധയിൽ പെട്ടു. അദ്ദേഹം കേന്ദ്രഗവൺമെന്റിലേക്ക് റിപ്പോർട്ടു ചെയ്ത ഉടനെ അദ്ദേഹത്തെ അവിടെ നിന്നും സ്ഥലം മാറ്റി. അപ്പോൾ അദ്ദേഹം ഇങ്ങനെ പറഞ്ഞതായി കേട്ടിട്ടുണ്ട്: "ഗവൺമെന്റ് എന്നെ നരകത്തിലേക്ക് സ്ഥലം മാറ്റിയാലും ഞാൻ അവിടെയും സുവിശേഷമറിയിക്കും." ഉന്നതപദവികൾ വഹിച്ചശേഷം അദ്ദേഹം പോസ്റ്റൽ ഡിപ്പാർട്ടുമെന്റിൽ നിന്നും റിട്ടയർ ചെയ്തു. ഈ എഴുത്തുകാരനും 37 വർഷം കേന്ദ്രഗവൺമെന്റിനു കീഴിൽ ജോലിചെയ്തപ്പോൾ ധാരാളമായി സുവിശേഷമറിയിക്കുവാൻ ഇടയായെങ്കിലും ദൈവകൃപയാൽ സുവിശേഷമറിയിച്ചതിന്റെ പേരിൽ ഒരു പ്രശ്നവും നേരിടേണ്ടി വന്നിട്ടില്ല. ഇത്രയും എഴുതിയത് ഇന്ന് സർവ്വീസിലുള്ള എന്റെ കൂട്ടു വിശ്വാസികളുടെ ധൈര്യത്തിനു വേണ്ടിയാണ്. നാം വിശ്വസിക്കുന്ന മതം ആചരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള (To freely practise and propagate) അവകാശം ഭരണഘടന നല്കിയിരിക്കുന്നത് ഗവൺമെന്റു സർവ്വീസിലുള്ളവർക്കും അവകാശപ്പെട്ടതാണ്. അതുകൊണ്ട് പ്രിയ വിശ്വാസികളേ, നിങ്ങളെ ആക്കിയിരിക്കുന്ന സ്ഥാനങ്ങളിൽ ക്രിസ്തുവിന്റെ വീരപടയാളികളായി നില്ക്കുക. കർത്താവു നിങ്ങളെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യും.

പരേതനായ സഹോ. മക്ഗ്രകറേപ്പറ്റി ഈ പംക്തിയിൽ മുമ്പ് പ്രതിപാദിച്ചിട്ടുള്ളത് ഓർക്കുമല്ലോ. അദ്ദേഹത്തെക്കുറിച്ച് പിന്നീട് മനസ്സിലാക്കിയ ചില കാര്യങ്ങൾ കൂടെ ഇവിടെ ചേർക്കുകയാണ്. അദ്ദേഹം ദീർഘവർഷങ്ങൾ പ്രവർത്തിച്ചത് ബോംബെയിലാണ്. അവിടെ ധാരാവി എന്നറിയപ്പെടുന്ന ഏഷ്യയിലെ ഏറ്റവും വലിയ ഒരു ചേരി പ്രദേശമുണ്ട്. കഴിഞ്ഞ നവംബർ 20-നു ആ പ്രദേശം സന്ദർശിക്കാനിടയായി. ഒരു പ്രദേശം മുഴുവൻ കുടിലുകൾ കെട്ടി താമസിക്കുന്ന വലിയൊരു കൂട്ടം ജനം. ചേരികൾ എന്നുവച്ചാൽ സകല അധർമ്മപ്രവൃത്തികളും നടക്കുന്ന സ്ഥലം. ശരിയായ വഴികളൊന്നുമില്ലാതെ വൃത്തിഹീനമായി കിടക്കുന്ന പ്രദേശം. ഇന്ന് ചില മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. എന്നാൽ ഏതാണ്ട് 50 വർഷങ്ങൾക്കു മുൻപ് വിദേശമിഷനറിയായ മക്ഗ്രകർ മുട്ടുവരെയുള്ള ട്രൗസർ ധരിച്ച് ചെളിവെള്ളത്തിൽ കൂടെ ഈ ചേരി പ്രദേശത്തു പേയി സുവിശേഷമറിയിച്ചു എന്നത് എത്ര ആശ്ചര്യകരമായിരിക്കുന്നു! ആ കോളനിയിൽ താമസിച്ചിരുന്ന ഏബ്രഹാം എന്ന തമിഴ് സഹോദരൻ ബോംബെയിൽ നിന്നും 30 കിലോമീറ്റർ അകലെ ദോൽക്കാം എന്ന ഗ്രാമത്തിൽ ഇപ്പോൾ സുവിശേഷകനായി പ്രവർത്തിക്കുന്നു. അവിടെ ഇന്നൊരു സഭയുണ്ട്. ധാരാവി ചേരി പ്രദേശത്ത് ബ്രദറൺകാരുടെ ഒരു ഒരു സഭയും സഭാഹോളുമുണ്ട്. മുകളിൽ പറഞ്ഞ ഏബ്രഹാം സഹോദരനുമൊരുമിച്ച് ഞങ്ങൾ ആ സഭാഹോൾ സന്ദർശിക്കാനിടയായി. എന്റെ സഹോദരൻ സ്റ്റീഫനും ഞങ്ങളോടൊപ്പമുണ്ടായിരുന്നു. ചില പെന്തക്കോസ്ത് വിശ്വാസികളെയും ആകസ്മികമായി അവിടെ കാണുവാനിടയായി. ബ്രദറൺ ഹോളിനകത്ത് ഏബ്രഹാം സഹോദരനും ആ സഭയിലെ ചില യുവാക്കന്മാരും നില്ക്കുന്ന ചിത്രം ഇതോടൊന്നിച്ച് കൊടുത്തിട്ടുണ്ട്. ക്രിസ്തുവിന്റെ സ്നേഹത്താൽ നിർബന്ധിക്കപ്പെട്ട് സഹോദരൻ മക്ഗ്രകർ ചെയ്ത അത്ഭുതകരമായ ശുശ്രൂഷയാണ് ഈ ചേരിപ്രദേശത്ത് കാണാൻ കഴിഞ്ഞത്. ശരിയായ മിഷനറി സ്പിരിറ്റ്!

ജോധ്പൂരിൽ താമസിച്ചുകൊണ്ടു ചെയ്ത പ്രവർത്തനത്തേപ്പറ്റി കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിച്ചിരുന്നല്ലോ. ഞങ്ങൾ താമസിച്ചിരുന്ന മുറിയിൽ പത്തു

**നാം വിശ്വസിക്കുന്ന മതം ആചരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള (To freely practise and propagate) അവകാശം ഭരണഘടന നല്കിയിരിക്കുന്നത് ഗവൺമെന്റു സർവ്വീസിലുള്ളവർക്കും അവകാശപ്പെട്ടതാണ്.**

പന്ത്രണ്ടു വയസ്സുള്ള ഒരു രാജസ്ഥാനി ബാലൻ ശുദ്ധീകരണ ജോലിക്കായി വരുമായിരുന്നു. ആ ബാലനോട് സംസാരിച്ചപ്പോൾ അവൻ പറഞ്ഞത് "ശാദി ഹോഗയാ" എന്നാണ്. അവന്റെ കല്യാണം കഴിഞ്ഞു എന്നു പറഞ്ഞത് ഞങ്ങളെ അത്ഭുതപ്പെടുത്തി. പിന്നീട് പത്രങ്ങളിൽ നിന്നും മനസ്സിലാക്കിയത് ശൈശവ വിവാഹം രാജസ്ഥാനിൽ സാധാരണമാണെന്നാണ് പ്രസവിച്ച് അധികം ദിവസങ്ങൾ കഴിയാത്ത കുഞ്ഞു മുതൽ വീട്ടിലുള്ള എല്ലാ കുഞ്ഞുങ്ങളുടെയും വിവാഹം ഒറ്റയടിക്ക് നടത്തുന്ന രീതി അവിടെയുണ്ട്. എത്ര എളുപ്പത്തിൽ വീട്ടിലെ വിവാഹങ്ങളെല്ലാം നടത്തുന്ന രീതി! രാജസ്ഥാനിലെ ശൈശവ വിവാഹത്തേപ്പറ്റി അടുത്ത ലക്കത്തിൽ കൂടുതൽ വിവരങ്ങൾ.

---

കതിരും പതിരും

# സെമിത്തേരിക്കു വേണ്ടി അനുഗമിക്കുന്നവൻ

പി.വി. സന്തോഷ്, വയനാട്



**വ**ളരെ നാളുകൾക്കു ശേഷം പള്ളിയിൽ പോയി വന്ന ഒരു അപ്പച്ചൻ ഈ ലേഖകനോട് പറഞ്ഞു, "ആണ്ടിൽ ഒരിക്കലെങ്കിലും പള്ളിയിൽ പോയില്ലെങ്കിൽ ചത്താൽ കുഴിച്ചിടൽ ഉണ്ടാകില്ല. ചത്തവന് മൂക്കിൽ പഞ്ഞിയും വെച്ച് പൗഡറും പൂശി പെട്ടിയിൽ കിടന്നാൽ മതി. ജീവിച്ചിരിക്കുന്ന മക്കൾക്കാണ് പിന്നെ ബുദ്ധിമുട്ട്..." അതുകൊണ്ട് പള്ളിയുമായിട്ട് ഒരു സഹകരണം ഒക്കെ ആവശ്യമാണ് എന്ന ഈ അപ്പച്ചന്റെ കാഴ്ച്ചപ്പാട് വളരെ വിചിത്രമായി തോന്നി.

കഴിഞ്ഞ ദിവസം ഒരു സുഹൃത്തിനെ ബൈബിൾ ക്ലാസ്സിന് വിളിച്ചപ്പോൾ "നിങ്ങളുടെ ശവക്കോട്ട എവിടെയാണ്" എന്നു ചോദിച്ചു. രക്ഷിക്കപ്പെട്ട ഉടനെ മരണമാണ് ഇവർ ചിന്തിക്കുന്നത്. അനേകർ ദൈവത്തെ ആരാധിക്കുവാനും പ്രാർത്ഥിക്കുവാനും അല്ല പള്ളിയിൽ പോകുന്നത് മരിച്ചാൽ ശവമടക്ക്... മക്കളുടെ കല്യാണം നടക്കണം. അങ്ങനെ എത്രയെത്ര കാര്യങ്ങൾക്കു വേണ്ടിയാണ്...

ബി.സി. 700-ൽ ജീവിച്ചിരുന്ന യെശയ്യാ പ്രവാചകൻ പ്രവചിച്ചു: "ഈ ജനം വാക്കു കൊണ്ടു മാത്രം എന്നെ സമീപിക്കുകയും അധരം കൊണ്ട് മാത്രം ആരാധിക്കുകയും ചെയ്യുന്നു. ഇവരുടെ ഹൃദയം എന്നിൽ നിന്ന് അകന്നിരിക്കുന്നു" (യെശയ്യാ. 29:13). യേശുവിന്റെ വചനത്തെ ചോദ്യം ചെയ്യാൻ വന്ന പരീശരേയും നിയമജ്ഞരേയും നോക്കി ക്രിസ്തു അരുളി: 'കപട ഭക്തിക്കാരേ യെശയ്യാവ് നിങ്ങളെപ്പറ്റി ശരിയായി പ്രവചിച്ചു' (മത്താ. 15:8-9).

ക്രിസ്തുവിന്റെ ഐഹിക ജീവിതത്തിൽ അനേകർ അനുഗമിച്ചു.

**ഇന്ന് ക്രിസ്തു അത്ഭുതം പ്രവർത്തിച്ചില്ലെങ്കിലും ഇന്നലെ ബാക്കി വെച്ച പന്ത്രണ്ടു കുട്ട അപ്പം എവിടെയാണ് എന്ന് അറിഞ്ഞാലും മതി...!**

ഇവരുടെ കാഴ്ചപ്പാടും ഇന്നുള്ളവരെപ്പോലെ വ്യത്യസ്തമായിരുന്നു. അത്ഭുതങ്ങൾ കാണുവാൻ, ഇവൻ ആരാണ് എന്ന് അറിയുവാൻ, മറ്റുള്ളവരെ പേടിച്ച് രഹസ്യമായി അനുഗമിച്ചവർ ക്രിസ്തു വരുവാനുള്ള രക്ഷകൻ ആണെന്നും ജീവന്റെ വചസ്സുകൾ ഇവനിൽ ഉണ്ടെന്നും, അറിഞ്ഞ് ഭൗതികമായ എല്ലാം വിട്ട് വചനങ്ങൾ കേൾക്കുവാനും, ജീവിതത്തിൽ പ്രാവർത്തികമാക്കുവാനും രക്ഷകനെ സ്വീകരിക്കുവാനും വേണ്ടി അനുഗമിച്ചവർ.

ഒരിക്കൽ ഇതാ വലിയ പുരുഷാരം യേശുവിനെ അന്വേഷിച്ച് വന്നിരിക്കുന്നു. ശിഷ്യന്മാർ വളരെ സന്തോഷിച്ചു കാണും. ഇനി വചനങ്ങൾ പറയാൻ ഞങ്ങൾക്ക് ഗ്രാമങ്ങൾ തോറും പോകേണ്ടതില്ല, ജനങ്ങൾ ഞങ്ങളെത്തേടി വരുന്നു. എന്നാൽ ഹൃദയങ്ങളെ അറിയുന്ന കർത്താവിന് കാര്യം മനസ്സിലായി. "ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു നിങ്ങൾ അടയാളം കണ്ടതു കൊണ്ടല്ല അപ്പം തിന്നു തൃപ്തരായതുകൊണ്ടത്രേ എന്നെ അന്വേഷിക്കുന്നത്" (യോഹ. 6:26).

അപ്പം തിന്നാൻ വേണ്ടി അന്വേഷിക്കുന്ന ഒരു വലിയ കൂട്ടം ജനങ്ങൾ! ഇന്ന് ക്രിസ്തു അത്ഭുതം പ്രവർത്തിച്ചില്ലെങ്കിലും ഇന്നലെ ബാക്കി വെച്ച പന്ത്രണ്ടു കുട്ട അപ്പം എവിടെയാണ് എന്ന് അറിഞ്ഞാലും മതി...!

ക്രിസ്തീയ കുടുംബത്തിൽ ജനിച്ചതുകൊണ്ടോ പള്ളിയുടെ രജിസ്റ്ററിൽ പേര് വന്നതു കൊണ്ടോ, ആചാരാനുഷ്ഠാനങ്ങൾ കൊണ്ടോ ഒരുവനും ക്രിസ്ത്യാനി ആകുന്നില്ല. വിമാനത്തിൽ വച്ച് ഒരു പ്രസവം നടന്നതുകൊണ്ട് ആ ശിശു വളരുമ്പോൾ പൈലറ്റോ വിമാന ജോലിക്കാരനോ ആകണമെന്നില്ലല്ലോ? ക്രിസ്തുവിൽ ജനിച്ച് വചനങ്ങൾ അനുശാസിക്കുന്ന രീതിയിൽ ക്രിസ്തുവിന്റെ പാതപിൻ പറ്റുന്നവർ ആണ് ക്രിസ്ത്യാനികൾ. "ജഡത്താൽ ജനിച്ചതു ജഡം ആകുന്നു, ആത്മാവിനാൽ ജനിച്ചതു ആത്മാവ് ആകുന്നു" (യോഹ. 3:6). പഴയ പാപ സ്വഭാവങ്ങൾ പാടെ മാറ്റി ക്രിസ്തുവിൽ പുതിയ മനുഷ്യനെ ധരിക്കണം. "അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അധികാരം കൊടുത്തു" ( യോഹ. 1:12). ദൈവവചനത്തിൽ നിലനിന്ന് കഷ്ടതയാകുന്ന ക്രൂശ് എടുത്ത് നാൾ തോറും ക്രിസ്തു

➤ശേഷം 6-ാം പേജിൽ

➢ 3-ാം പേജിൽ നിന്നും തുടർച്ച

റോമൻ പടയാളികൾ ക്രൂശിൽ തറച്ചു കൊലപ്പെടുത്തിയ യേശു യഹൂദന്മാർക്ക് ഏതോ കൊടും കുറ്റവാളിയോ, വിപ്ലവകാരിയോ, ദൈവദൂഷണം പറഞ്ഞ ഒരുവനോ മാത്രം ആയിരുന്നെങ്കിൽ, അവരുടെ ഇടയിൽ ആയിരുന്നു രക്ഷിക്കപ്പെട്ട യെഹൂദന്മാർ അത് കണ്ടും കേട്ടും അനുഭവിച്ചും കൊണ്ട് ജീവിച്ചിരുന്നത്. ആ നിലയിൽ ഇടകലർന്ന് ജീവിച്ചതിന്റെയും, വിശ്വാസപരമായ വിഷയങ്ങൾ അന്യോന്യം വിശകലനം ചെയ്യപ്പെട്ടതിന്റെയും അത് സ്വാധീനിക്കപ്പെട്ടതിന്റെയും മാത്രമല്ല ആ നാളിൽ അവരെ നടത്താൻ ആരുമുണ്ടായിരുന്നില്ല എന്ന കാരണത്തിന്റെയും പരിണത ഫലങ്ങളാണ് അവരുടെ ജീവിതത്തിൽ ലേഖനകാരൻ കാണുന്നത് (13:7). ക്രിസ്തുവിനെ സംബന്ധിക്കുന്ന എല്ലാക്കാര്യങ്ങളിലും അവർക്ക് സംശയം ഉണ്ടായിരുന്നതിനാലാണ് തെളിയിച്ചുതരുവാൻ വിഷമം എന്നു പറയാൻ കാരണം (5:11). അതുകൊണ്ട് അവരെക്കുറിച്ച് പറയുന്നത് ജീവനുള്ള ദൈവത്തെ ത്യജിക്കുന്ന അവിശ്വാസമുള്ള ദുഷ്ടഹൃദയം (3:12), ദൈവപുത്രനെ ചവിട്ടിക്കളയുക (10:29), തങ്ങളെ ശുദ്ധീകരിച്ച നിയമരക്തത്തെ മലിനം എന്നു പറയുക (10:29), കൃപയുടെ ആത്മാവിനെ നിന്ദിക്കുക (10:29). രക്ഷിക്കപ്പെട്ട ഒരുവന് ഒരിക്കലും ചെയ്യുവാൻ കഴിയാത്ത കാര്യങ്ങൾ ചെയ്യും വിധം വിശ്വാസപരമായി വ്യതിചലനം സംഭവിച്ചിരിക്കുന്നു. രക്ഷയ്ക്ക് ആധാരമായ വിശ്വാസം കുറഞ്ഞ്, കുറഞ്ഞ് ഇല്ലാതായ അവസ്ഥ. ഇങ്ങനെ പിൻമാറ്റത്തിലേക്ക് പോയി വിശ്വാസം പൂർണ്ണമായി ത്യജിക്കാൻ ഒരുമ്പെടുന്നവർക്ക് രക്ഷകന്റെ മഹത്വവും രക്ഷയുടെ മഹത്വവും എടുത്തുകാട്ടി വിശ്വാസത്തിൽ ഉറപ്പിക്കാനാണ് നിത്യമായ സ്വർഗ്ഗീയ സത്യങ്ങൾ പ്രൗഢ ഗംഭീരമായ രീതിയിൽ അവതരിപ്പിക്കുന്നത്. അതുല്യമായ സത്യങ്ങളും, ശക്തിയുള്ള പ്രബോധനങ്ങളും കേട്ടിട്ട് ഒരാൾക്കും ക്രിസ്തുവിനെ ഉപേക്ഷിച്ച് പോ കാൻ കഴിയില്ല. ഇതുവരെ ആരെങ്കിലും പോയ തെളിവും ലേഖനത്തിലില്ല. അഥവാ അങ്ങനെ ആരെങ്കിലും പിന്മാറിപ്പോയാൽ രക്ഷയ്ക്ക് ആധാരമായ വിശ്വാസം അവരിൽ ശേഷിക്കുന്നില്ല എന്ന ർത്ഥം. അതായത് ആദവും ഹവ്വയും ദൈവമക്കളായിരുന്നിട്ടു (ലൂക്കോ. 3:38) ദൈവത്തെ അവിശ്വസിക്കുകയും പിശാചിനെ വിശ്വസിച്ച് ശിക്ഷയ്ക്ക് പാത്രമായതുപോലെ തന്നെ. അവിടെ അവ ർക്ക് പാപമോചനവും രക്ഷയും കൈവന്നു. എന്നാൽ ഇവിടെ കാര്യം മറിച്ചാണ്. എബ്രായ ക്രിസ്ത്യാനികൾ പിന്മാറിപ്പോയാൽ അവരെ പിന്നെയും മാനസാന്തരത്തിലേക്ക് പുതുക്കുവാൻ കഴിവുള്ളതല്ല. കാരണം റോമൻ പടയാളികൾ ക്രൂശിച്ചു കൊന്ന യേശുക്രിസ്തു മശിഹാ അല്ല എന്നാണ് അവരുടെ നിരൂപണവും നിഗമനവും അതിനാലാണ് അവർ മശിഹായെ പ്രതീക്ഷിച്ചുകൊണ്ട് യെഹൂദാമതത്തിലേക്ക് മടങ്ങിപ്പോകുന്നത്. ലേവ്യായാഗങ്ങളുടെ പൊരുളായ മശിഹായെ കാത്ത് അവന്റെ ജീവിതം അവസാനിക്കും. ഈ നാളുകളിൽ എപ്പോഴെങ്കിലും ദശാബ്ദങ്ങൾക്കു മുൻപ് യാഗമായിത്തീർന്ന കർത്താവിങ്കലേക്ക് മനസ്സുയർത്താൻ അവർ ക്കു കഴിയുന്നുമില്ല. ദൈവപുത്രനെ ചവിട്ടിയവൻ, കൃപയുടെ ആത്മാവിനെ നിന്ദിച്ചവർ, തന്നെ ശുദ്ധീകരിച്ച നിത്യരക്തത്തെ മലിനം എന്ന് പറയുന്നവർ- നിത്യാത്മാവിനാൽ ദൈവത്തിനു തന്നെത്താൻ നിഷ്കളങ്കമായി അർപ്പിച്ചവനെ ക്കുറിച്ച് ഇങ്ങനെ പറയുന്നത് (9:14) പരിശുദ്ധാത്മാവിന് എതിരെയുള്ള പാപമാണ് (മത്താ. 12:31,32). ഇങ്ങനെയുള്ളവർക്കായി നിത്യശിക്ഷാവിധി മാത്രമേയുള്ളു. അവരെ മാനസാന്തരത്തിലേക്ക് പുതുക്കാൻ കഴിവുള്ളതല്ല (എബ്രാ. 6:8,10; 10:29,30) (ആശയത്തിന്റെ ഉത്തരവാദിത്തം ലേഖകന്)

**ഇങ്ങനെ പിൻമാറ്റത്തിലേക്ക് പോയി വിശ്വാസം പൂർണ്ണമായി ത്യജിക്കാൻ ഒരുമ്പെടുന്നവർക്ക് രക്ഷകന്റെ മഹത്വവും രക്ഷയുടെ മഹത്വവും എടുത്തുകാട്ടി വിശ്വാസത്തിൽ ഉറപ്പിക്കാനാണ് നിത്യമായ സ്വർഗ്ഗീയ സത്യങ്ങൾ പ്രൗഢ ഗംഭീരമായ രീതിയിൽ അവതരിപ്പിക്കുന്നത്.**

# മഹത്വത്തിൽ



**ഹരിപ്പാട്:** പിലാപ്പുഴ വാലുപറമ്പിൽ **തങ്കച്ചൻ (55)** നിത്യതയിലേക്ക് മാറ്റപ്പെട്ടു. ഭൗതികശരീരം ഡിസം. 30 ന് കാരിച്ചാൽ എബനേസർ ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**വയനാട്:** കണ്ണൂർ മണിക്കടവ് ഇഞ്ചക്കുഴിയിൽ സഹോദരൻ ഇ.എ. ജോണിന്റെ മകളും സഹോദരൻ ജോബിയുടെ സഹധർമ്മിണിയുമായ **ബിനു ജോബി (34)** ഡിസം. 20 -ന് പ്രത്യാശയുടെ തീരത്തേക്ക് മാറ്റപ്പെട്ടു. ഭൗതികശരീരം 22-ന് സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**വാപ്പാല:** ചെപ്പറ ബ്രദറൺ സഭാംഗം ബിജൂസ് കോട്ടേജി ൽ ജേക്കബ് ജി. ജോണിന്റെ ഭാര്യ **കുഞ്ഞൂഞ്ഞമ്മ ജേക്കബ് (67)** ഡിസം. 17-ന് നിത്യതയിലേക്ക് ചേർക്കപ്പെട്ടു. ഉയിർപ്പിൻ പ്രഭാതത്തിൽ വീണ്ടും കാണാം എന്ന പ്രത്യാശയോടെ ഡിസം. 19-ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**കൊച്ചി:** ഇടപ്പള്ളി പൊട്ടക്കുളത്ത് ഗ്രേസ് വില്ലയിൽ **പി.ജെ. ജോർജ്ജ് (75)** ഡിസം. 15-ന് മഹത്വതീരത്തേക്ക് ചേർക്കപ്പെട്ടു. കളമശ്ശേരി ബ്രദറൺ സഭാംഗമായിരുന്നു. ഭൗതിക ശരീരം ഡിസം. 20-ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**ഊരമന:** കോലത്ത് പരേതനായ വർക്കിയുടെ മകൻ **കെ.വി. മാത്യു (66)** ഡിസം. 17-ന് താൻ പ്രത്യാശ വച്ചിരുന്ന മഹത്വതീരത്തേക്ക് ചേർക്കപ്പെട്ടു. ഭൗതിക ശരീരം വാളകം ബ്രദറൺ സെമിത്തേരിയിൽ ഡിസം. 19-ന് സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

➢ 1-ാം പേജിൽ നിന്നും തുടർച്ച

ക്കയില്ല (യിര. 50:31,32). "താഴ്മയുള്ള ഹൃദയം ദൈവത്തോടും പാപങ്ങളെ ഏറ്റു പറഞ്ഞ് കൂടുതൽ ജീവന്റെ പ്രകാശത്തിലേക്കു കടന്നു വരും; നീർക്കോലി പ്രസവിച്ച് ചേരയേയും, ചേര പ്രസവിച്ച് മൂർഖനേയും, മൂർഖൻ പ്രസവിച്ച് പറക്കുന്ന അഗ്നി സർപ്പത്തേയും പുറത്തു വിട്ടാൽ ഭയങ്കരമായിരിക്കുന്നതു പോലെ- പാപിയായ മനുഷ്യൻ ദൈവത്തിന്റെ ശിക്ഷ ഏറ്റു വാങ്ങി കൊടും പാപിയായി എരി നരകത്തിന്റെ ഇരട്ടി ശിക്ഷാവിധിക്കു വിധേയരാകുന്ന അവസ്ഥ" (എം.വി. തോമസ്). "ആകയാൽ യിസ്രായേലേ, (ദൈവമക്കളെ) നിന്റെ ദൈവമായ യഹോവയെ ഭയപ്പെടുകയും അവന്റെ എല്ലാ വഴികളിലും നടക്കയും അവനെ സ്നേഹിക്കയും, നിന്റെ ദൈവമായ യഹോവയെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും കൂടെ സേവിക്കയും ഞാൻ ഇന്നു നിന്നോടു ആജ്ഞാപിക്കുന്ന യഹോവയുടെ കല്പനകളും ചട്ടങ്ങളും നിന്റെ നന്മയ്ക്കായി പ്രമാണിക്കയും വേണം എന്നല്ലാതെ യഹോവ നിന്നോട് ചോദിക്കുന്നതെന്ത്? (ആവ. 10:12,13).

### ശഠനും മത്സരിയുമായ മകൻ

ഇപ്രകാരമുള്ള ഒരു മകനോട് എങ്ങനെ മാതാപിതാക്കൾ പെരുമാറണം എന്ന ദൈവത്തിന്റെ നീതിയുടെ പ്രമാണം ആവർത്തനം 21:18 -21 വരെ മുകളിൽ കുറി വാക്യമായി എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക. ന്യായപ്രമാണത്തിൻ കീഴിൽ, മത്സരിയായ മകനോട് നിയമം ഇടപെടുന്ന ഗൗരവാവഹമായ നീതിയും ലൂക്കോ. 15-ൽ മുടിയൻ പുത്രനോട് സ്നേഹനിധിയായ പിതാവ് ഇടപെടുന്ന സ്നേഹനിർഭരമായ വിധവും തമ്മിൽ അനുവാചകൻ താരതമ്യവിവേചനം ചെയ്തു നോക്കിയാലും ആവർത്തനം 21 ലെ അതേ ദൈവം തന്നെയാണ് ലൂക്കോ 15-ലും. എന്നാൽ എത്രയോ വ്യത്യസ്തമാണ് അവയോരോന്നിലും കൈകൊള്ളുന്ന നടപടിയുടെ സ്വഭാവവും രീതിയും! ന്യായപ്രമാണത്തിൻ കീഴിൽ ശഠനും മത്സരിയുമായ മകനെ കല്ലെറിഞ്ഞ് കൊല്ലേണ്ടതിന് അപ്പനും അമ്മയും അവനെ പിടിച്ച് പട്ടണത്തിലെ മൂപ്പന്മാരുടെ അടുക്കൽ കൊണ്ടുവരേണം. നാം ഇന്ന് ആയിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ ഒരു മകനോട്; അവൻ അബ്ശാലോമിനെപ്പോലെ എത്ര മാത്രം മത്സരിയായിരുന്നാലും ഇപ്രകാരം ഒരു കാര്യം ചെയ്യാൻ ഏതു മാതാപിതാക്കൾക്കാണ് സാധിക്കുക. അങ്ങനെയായിരുന്നെങ്കിൽ ഇന്ന് എത്ര മക്കൾ ജീവിച്ചിരിക്കുമായിരുന്നു. എന്നാൽ ഇന്ന് കൃപാ വ്യവസ്ഥയിലാണ്. സ്തോത്രം. അനുതപിച്ച് മടങ്ങി മരുന്ന മകനെ എതിരേൽപ്പാൻ അവന്റെ അടുത്തേക്ക് ഓടി എത്തുന്ന പിതാവിനെയാണ് ലൂക്കോ 15-ൽ കാണുന്നത്. അവന്റെ കഴുത്തിൽ കെട്ടിപ്പിടിച്ച് അവനെ ചുംബിക്കുന്നു, മേൽത്തരമായ അങ്കി അണിയിക്കുന്നു, കൈവിരലുകളിൽ പൊന്മോതിരങ്ങൾ ഇടുന്നു, ചെരിപ്പണിയിക്കുന്നു; തടിപ്പിച്ച കാളക്കുട്ടിയെ അറുക്കുന്നു, അപ്പന്റെ മേശയിൽ അവനോടൊപ്പം മകനും ഒന്നിച്ചു ഭക്ഷണം കഴിക്കുന്നു, സുഹൃത്തുക്കളും വിരുന്നിൽ പങ്കു ചേരുന്നു. പിതാവിന്റെ സന്തോഷം അവർണ്ണനീയം!

അത്യന്തം ശ്രദ്ധേയമായ വൈപരീത്യമാണ് പ്രസ്തുത രണ്ടു മക്കളുടെ കാര്യത്തിൽ നാം കാണുന്നത്. മാറ്റമില്ലാത്ത നീതി മത്സരിയുടെമേൽ ന്യായവിധി നടത്തുന്ന പിതാവിന്റെ കരങ്ങളാണ് നാം ആവർത്തനം 21-ൽ കാണുന്നത്. അനുതാപത്തോടെ മടങ്ങി വരുന്ന മത്സരിയെ സ്വർഗ്ഗീയ സ്നേഹം കൊണ്ട് വീർപ്പുമുട്ടിക്കുന്ന സ്നേഹനിധിയായ പിതാവിനെ ലൂക്കോ. 15-ലും നഷ്ടപ്പെട്ടു പോയ മകനെ മടക്കി കിട്ടിയതിലുള്ള ആനന്ദത്തിന്റെ പരസ്യ പ്രദർശനമാണ് ഇവിടെ. വഴങ്ങാൻ കൂട്ടാക്കാത്ത മത്സരിക്ക് പരസ്യമായ കല്ലേറും, മരണവും വിധിക്കുമ്പോൾ, അനുതാപത്തോടെ മടങ്ങി വരുന്ന മകന് ഹൃദയം നിറഞ്ഞു കവിയുന്ന സ്നേഹ ചുംബനങ്ങൾ!

ശഠനും മത്സരിയുമായ ഒരു മകൻ- അബ്ശാലോമിനെ മാത്രമെ പഴയനിയമത്തിൽ ശ്രദ്ധിക്കാൻ സാധിച്ചിട്ടുള്ളു. അവൻ നിമിത്തം ദാവീദിനുണ്ടായ അനുഭവം എന്തായിരുന്നു, "ദാവീദ് തലമൂടിയും, ചെരിപ്പിടാതെയും നടന്നു, കരഞ്ഞു കൊണ്ട് ഒലിവു മലയുടെ കയറ്റം കയറി; കൂടെയുള്ള ജനമൊക്കെയും തലമൂടി കരഞ്ഞും കൊണ്ട് കയറിച്ചെന്നു" (2 ശമു.15:30). പഴയനിയമത്തിലെ ധൂർത്തു പുത്രനാണ് അബ്ശാലോം കുമാരൻ. അപ്പനെ വലച്ച മകൻ, അപ്പനെതിരായി കൂട്ടുകെട്ടുണ്ടാക്കുകയും, ഗൂഢാലോചനകൾ നടത്തി, അപ്പനെ ചോദ്യം ചെയ്ത മകൻ. ഈ മകൻ മൂലം അപ്പൻ വീടു വിട്ടു ഓടിപ്പോകേണ്ടി വന്നു. അയ്യോ കഷ്ടം! മോനേപ്പേടിച്ച് അപ്പന് വീടു വിട്ട് ഓടേണ്ടി വരിക! അബ്ശാലോമിന്റെ അന്ത്യം എങ്ങനെയായിരുന്നു. 2 ശമു. 18:5-18 വരെ വായിക്കുക. അബ്ശാലോം കുമാരൻ ഒരു കോവർ കഴുതമേൽ കയറി ഓടിച്ചു പോകയായിരുന്നു. കഴുത വളരെ വേഗം ഓടുകയാണ്. സുന്ദരനായ കോമളനായ അബ്ശാലോം കഴുതപ്പുറത്തിരിക്കുകയാണ്. കാട്ടിലൂടെ കഴുത ഓടിയപ്പോൾ, തലമുടി ഒരു കരുവേലകത്തിൻ കൊമ്പിൽ കുരുങ്ങി അബ്ശാലോം തൂങ്ങികിടക്കുകയാണ്. അപ്പോൾ എന്താണ് സംഭവിച്ചത്? "യോവാബിന്റെ ആയുധവാഹകന്മാരായ പത്തു ബാല്യക്കാർ വളഞ്ഞു നിന്നു, അബ്ശാലോമിനെ അടിച്ചു കൊന്നു" (2 ശമു. 18:15). നോക്കുക ശഠനും മത്സരിയുമായ ഒരു മകന്റെ അന്ത്യം! "അബ്ശാലോമിനെ അവർ എടുത്തു വനത്തിൽ ഒരു വലിയ കുഴിയിൽ ഇട്ടു; അവന്റെ മേൽ വലിയൊരു കൽകൂമ്പാരം കൂട്ടി" ( 2 ശമു. 18:17). എന്നാൽ ഈ മകനോടുള്ള അപ്പന്റെ മനോഭാവം എന്തായിരുന്നു? "അബ്ശാലോം കുമാരനോടു എന്നെ ഓർത്തു കനിവോടെ പെരുമാറുവിൻ........ ജനമെല്ലാം കേട്ടു" (2 ശമു. 18:5). അബ്ശാലോമിന്റെ മരണത്തിങ്കൽ ദാവീദ് എങ്ങനെയായിരുന്നു, "ഉടനെ രാജാവ് നടുങ്ങി, പടിപ്പുര മാളികയിൽ കയറി: എന്റെ മകനെ, അബ്ശാലോമേ എന്റെ മകനെ, എന്റെ മകനെ അബ്ശാലോമേ, ഞാൻ നിനക്കു പകരം മരിച്ചെങ്കിൽ കൊള്ളായിരുന്നു; അബ്ശാലോമേ, എന്റെ മകനെ, മകനേ! എന്നിങ്ങനെ കരഞ്ഞും കൊണ്ടു നടന്നു" ( 2 ശമു. 18:33). ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ദാവീദിൽ നാം ഈ വലിയ സ്നേഹം കാണുന്നുവെങ്കിൽ നമ്മുടെ സ്നേഹവാനായ ദൈവത്തിൽ എത്ര അധികം. "അപ്പനു മക്കളോടു കരുണ തോന്നുന്നതു പോലെ യഹോവയ്ക്ക് തന്റെ ഭക്തന്മാരോട് കരുണ തോന്നുന്നു!" (സങ്കീ 103:13). ഇന്ന് സഭകളിൽ ദൈവത്തോടും സഭാ നേതൃത്വത്തോടും ഇടഞ്ഞു നിൽക്കുന്നവർ ഉണ്ട്. മകനേ, നീ നിന്റെ മത്സരം മതിയാക്കി മടങ്ങി വരിക.

അബ്ശാലോം ദാവീദിനെതിരായി മത്സരിച്ചതുപോലെ മറ്റൊരു മകനായ അദോനിയാവ് നിഗളിച്ചു കൊണ്ട് താൻ രാജാവാകുമെന്ന് പറഞ്ഞ് രഥങ്ങളെയും കുതിരച്ചേവകരേയും തനിക്കു മുൻപായി ഓടുവാൻ അമ്പതു അകമ്പടികളേയും സമ്പാദിച്ചു. (1 രാജാ. 1:5,6 വായിക്കുക). തന്റെ മക്കളെ വേണ്ടതുപോലെ ഉപദേശിച്ച് ദൈവവഴികളിൽ നടത്താതെ സ്വതന്ത്രമായി വിട്ടാൽ പിൽക്കാലത്ത് കുടുംബത്തിനും സമൂഹത്തിനും സഭയ്ക്കും ദോഷം വരുത്തും. എന്നുള്ള കാര്യം മാതാപിതാക്കൾ ഓർക്കണം. അദോനിയാവിനെക്കുറിച്ച് ഇപ്രകാരം വായിക്കുന്നു! അവനെ മുഷിപ്പിക്കരുതെന്നു വെച്ച് അവന്റെ ജീവകാലത്തൊരിക്കലും നീ ഇങ്ങനെ ചെയ്തത് എന്ത് എന്ന് അവനോട് ചോദിച്ചിരുന്നില്ല ( 1 രാജ. 1:6). ഇന്നും എത്രയോ ക്രിസ്തീയ മാതാപിതാക്കൾ, തങ്ങളുടെ മക്കളെ മുഷിപ്പിക്കരുതെന്ന് ചിന്തിച്ച് മക്കൾ എന്തു ദോഷങ്ങൾ ചെയ്താലും മൗനമായിരിക്കുന്നുണ്ട്! എന്നാൽ അവർ തങ്ങൾക്കു തന്നെ കുഴി തോണ്ടുകയാണെന്ന് ചിന്തിക്കുന്നില്ല (സദൃശ. 23:13-14, 13:24, 19:18). "മക്കളേ നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ, അതു ന്യായമല്ലോ" (എഫെ. 6:1). ദൈവം നമ്മെ ഏവരേയും സഹായിക്കട്ടെ. ആമേൻ.

●

# ബൈബിൾ ക്വിസ് -68

## 2 രാജാക്കന്മാർ

1. ഏതു പട്ടണത്തിന്റെയാണ് വെള്ളം ചീത്തയായിരുന്നത്?
2. എത്ര യവത്തപ്പം കൊണ്ടാണ് എലീശാ നാനൂറു പേരെ പരിപോഷിപ്പിച്ചത്?
3. യെഹൂദാ രാജാവായ അഹസ്യാവ് വെട്ടേറ്റതെവിടെ വെച്ച്?
4. ആദ്യമായി നേർച്ചപ്പെട്ടി ഉണ്ടാക്കിയതാര്?
5. ഏലത്തു പണിയുകയും അതിനെ യെഹൂദയ്ക്കു വീണ്ടുകൊള്ളുകയും ചെയ്തതാര്?
6. മോശെ ഉണ്ടാക്കിയ താമ്രസർപ്പത്തിന്റെ പേരെന്ത്?
7. "നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക; നീ മരിച്ചു പോകും, ശേഷിക്കയില്ല" എന്നു യഹോവ അരുളിച്ചെയ്തതാരോട്?
8. യെരുശലേമിന്റെ രണ്ടാം ഭാഗത്തു പാർത്തിരുന്ന പ്രവാചകി ആര്?
9. "നിന്റെ ആത്മാവിന്റെ ഇരട്ടിപങ്കു എന്റെ മേൽ വരുമാറാകട്ടെ." ആര് ആരോടു പറഞ്ഞു?
10. "എന്റെ പിതാവേ, വെട്ടിക്കളയട്ടെ; ഞാൻ ഇവരെ വെട്ടിക്കളയട്ടെ." ആര് ആരോടു പറഞ്ഞു?

**ബൈബിൾ ക്വിസ് 65 - ശരിയുത്തരങ്ങൾ :** 1. 102, (1+50) X 2 (1:8-12) 2. മോവാബ് രാജാവായ മേശക്ക് (3:4,27) 3. യേഹൂ (9:1-6) 4. മത്ഥാൻ (11:18) 5. അമസ്യാവ് (14:7) 6. ശേൽമനേസെർ (17:3) 7. സൻഹേരിബ് (19:37) 8. മനശ്ശെ (21:6) 9. നെബൂസരദാൻ(25:8,9) 10. യെഹോരാം നയമാനോട് (5:7).

**ക്വിസ് 64 - ശരിയുത്തരം അയച്ചവർ :** P.V. Elizabeth Peroorkada, Sheena Santhosh Thriperumthura, Mary George Pazhavangadi, C.A. Annakutty Iringole, Jeemon Daniel Mallappally, Annamma Samuel Thriperumthura, Shiji Anil chiryinkeezhu, Jolly Mathew Kalanjoor, Tony Varghese Mylapra P.A. Abraham Kariamplavu, Elsy Peter Puthoor, Mini Joshy Nellikkunnu, Suseela Biju Cheppad, Alice Korah Puthupally, Annamma Chacko Ranni, Annamma Baby Ponkunnam, Nicy Renji Cheppad, Rosamma Thomas Thadiyoor, Kunjunjamma Moses Elanthoor, Thankamma Varghese Eraviperoor, Jibin Bijoy Koratty, Philomol K. Varghese, Chittoor, Rachel Manesh Wadakkanchery, C.M. Daniel Kizhakkumpattukara, Mariamma Varghese Chelikuzhy, Spurjan K.J. Russelpuram, P.K. Georgekutty Kadathy, Mariamma Thomas Pazhavangadi, Mercy Rumees Manalithara, Jane Mathews Dhoni Palakkad, Mariamma Thomas Kunnanthanam, P.J. Samuel Edappally

ഗാനം

# വേഗം വരുന്ന യേശുകർത്താവ്




**അമ്മിണി പോൾ, പാക്കം (വയനാട്)**

കർത്താവു വാനിൽ വന്നിടുവാൻ
കാലത്തിൻ ലക്ഷണം കണ്ടു തുടങ്ങി
വിശുദ്ധിയെ തികച്ചു സോദരാ.... നീ ഒരുങ്ങിയിട്ടുണ്ടോ?
നീ... ഒരുങ്ങിയിട്ടുണ്ടോ? (2)
(കർത്താവു വാനിൽ ....)

കാലത്തിൻ ഗതി മാറിടുന്നു
ജനത്തിൻ ഭീതി കൂടിടുന്നു
ആദ്യസ്നേഹത്തിൽ നിന്നും ദൈവജനം അകന്നിടുന്നു
ഒരുങ്ങിയിട്ടുണ്ടോ? സോദരാ..... നീ ഒരുങ്ങിയിട്ടുണ്ടോ?
(കർത്താവു വാനിൽ ...)

ദൂതന്മാരുമായി കർത്തൻ വന്നിടുമ്പോൾ
മരിച്ച വിശുദ്ധന്മാർ ആദ്യമുയിർക്കും
പ്രത്യാശയുള്ളവർ പറന്നുയരും, കാലാകാലം നിത്യം വസിക്കും
ഒരുങ്ങിയിട്ടുണ്ടോ? സോദരാ..... നീ ഒരുങ്ങിയിട്ടുണ്ടോ?
(കർത്താവു വാനിൽ ....)

➢ 4-ാം പേജിൽ നിന്നും തുടർച്ച

വിനെ അനുഗമിക്കണം. ഭൗതികമായ കാഴ്ച്ചപ്പാടിൽ ക്രിസ്തുവിനെ അനുഗമിച്ചാൽ അനന്യാസിനെയും സഫീരയെയും പോലെ ഒരു കുഴിച്ചിടൽ മാത്രമെ ഉണ്ടാകുകയുള്ളു. എന്നാൽ ക്രിസ്തുവിനെ വിശ്വസിച്ച് പിൻപറ്റുന്ന ശിഷ്യന്മാരുടെ എല്ലാകാര്യങ്ങളിലും ക്രിസ്തു ശ്രദ്ധാലുവാണ്.

അഖിലാണ്ഡത്തെ സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവം തന്റെ മക്കളുടെ ചെറിയ കാര്യത്തിൽ പോലും ബദ്ധശ്രദ്ധനാണ്. "മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും" (സെമിത്തേരി അടക്കം) (മത്തായി 6:33).

അതുകൊണ്ട് വചനം അനുശാസിക്കുന്ന ഒരു ജീവിതം നയിച്ചു കൊണ്ട് ആചാരം കൊണ്ട് ക്രിസ്ത്യാനി ആകാതെ വിശ്വാസം കൊണ്ട് ഒരു യഥാർത്ഥ ക്രിസ്ത്യാനിയായി ക്രിസ്തുവിനെ അനുഗമിക്കാം. ശവമടക്ക് മാത്രമാണ് ലക്ഷ്യമെങ്കിൽ അത് ഭംഗിയായി നടക്കും. ഒന്നാം പുനരുത്ഥാനത്തിൽ പങ്ക് ഉണ്ടാകയില്ല എന്ന് ഓർത്താൽ നന്ന്.

●

# സഭാഹോൾ സമർപ്പണം



**കോട്ടാ (രാജസ്ഥാൻ):** ഇവിടെ ബ്രദറൺ സഭയുടെ പ്രവർത്തനം ആരംഭിച്ചിട്ട് 36 വർഷമായി. ദൈവകൃപയാൽ എല്ലാ ആത്മിക പ്രവർത്തനങ്ങളും ആരാധനയും ക്രമമായി നടന്നു വരുന്നു. 30 -ൽ പരം വിശ്വാസികളുടെ ഒരു കൂടിവരവാണിത്. സഭാഹോൾ ഡിസംബർ 20-ന് പണി തീർത്ത് ആരാധനയ്ക്കായി ദൈവമായ കർത്താവ് ഒരുക്കി തന്നു. ഇതിന്റെ സമർപ്പണ ശുശ്രൂഷ രാജസ്ഥാനിലെയും മറ്റ് വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള സുവിശേഷകന്മാരുടെയും വിശ്വാസികളുടെയും സാന്നിധ്യത്തിൽ ദൈവദാസന്മാരായ ജോർജ്ജ് എ. ഡോസൻ (ഡൽഹി), ലെസ്‌ലീ മാത്യൂ (യു.എസ്.എ.) എന്നിവർ നിർവ്വഹിച്ചു. കോട്ടാ സഭയുടെ വളർച്ചയ്ക്ക് എല്ലാ ദൈവജനത്തിന്റെയും പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

മാത്യൂ ശാമുവേൽ, ജോൺസൺ എസ്., സാം ജോൺസൺ

# സുവിശേഷയോഗവും ബൈബിൾ ക്ലാസ്സും

**പാക്കാല (ആന്ധ്ര):** പാക്കാല ബ്രദറൺ സഭയുടെ ചുമതലയിൽ 2015 ജനുവരി 9,10,11 ദിവസങ്ങളിൽ സുവിശേഷയോഗവും ബൈബിൾ ക്ലാസ്സും സീയോൻ നഗറിൽ നടക്കുന്നു. ബിജു കെ. ആലടി, എസ്രാ ഇമ്മാനുവേൽ ചിറ്റൂർ, ഒ.പി. സേവ്യർ കുണ്ടറ, പ്രഭാകർ റാവു നെല്ലൂർ എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നു. രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ ബൈബിൾ ക്ലാസ്സും വൈകിട്ട് 6 മുതൽ 9 വരെ രാത്രിയോഗവും നടക്കും. കാൽവറി ബ്രദറൺ ഗോസ്പൽ ടീം ബാംഗ്ലൂർ സംഗീത ശുശ്രൂഷ നിർവ്വഹിക്കുന്നു.

സോണി തോമസ്, രവി ജയിംസ്

# സുവിശേഷകന്മാരുടെ പ്രാർത്ഥന

**കൊട്ടാരക്കര:** കൊട്ടാരക്കര കൺവൻഷനോടനുബന്ധിച്ച് 2015 ജനുവരി 13 ചൊവ്വാഴ്ച രാവിലെ 10-ന് പുലമൺ ഗോസ്പൽ ഹോളിൽ ക്രമീകരിച്ചിരിക്കുന്ന സമ്മേളനത്തിൽ സുവിശേഷകന്മാർ പ്രാർത്ഥനയോടെ പങ്കെടുക്കുക.

സാം സഖറിയ

# പ്രാർത്ഥനയ്ക്ക്

**കോതമംഗലം:** സഹോദരൻ ജോയി പൗലോസ് 2002-ൽ യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുകയും സ്നാനപ്പെട്ട് കോതമംഗലം ടൗൺ സഭയിൽ കർത്താവിനെ ആരാധിക്കുകയും കർത്തൃവേലയിൽ സഹോദരനുള്ള താല്പര്യത്താൽ ബ്രദർ ആർ. കൃഷ്ണൻകുട്ടി തിരുവട്ടാറിനോട് ചേർന്ന് സതേൺ ഗോസ്പൽ ടീമിൽ കേരളത്തിലും തമിഴ്നാട്ടിലും സജീവ പ്രവർത്തനങ്ങളിൽ ആയിരുന്നതും ടീമിന്റെ പ്രവർത്തനഫലമായി കോതമംഗലത്തു നിന്നും 8 കി.മീ. ഉള്ളിലായി സ്വന്ത സ്ഥലമായ നാടുകാണിയിൽ ഒരു കൂടിവരവ് 2004-ൽ ആരംഭിക്കുകയും നാളിതുവരെ സ്ഥലം സഭയുടെ പ്രവർത്തനങ്ങളിലും പുറത്തുള്ള സുവിശേഷീകരണത്തിലും തന്റെ ദൈവവിളിയും ഉത്സാഹവും സ്ഥലം സഭയ്ക്ക് ബോധ്യപ്പെട്ടിരിക്കയാൽ സഹോദരനെ പൂർണ്ണസമയ സുവിശേഷകനായ് സഭ അംഗീകരിച്ചിരിക്കുന്നു. തനിക്ക് രണ്ട് ആൺകുട്ടികളും രണ്ട് പെൺകുട്ടികളുമുണ്ട്. ഭാര്യ സഹോദരന്റെ വേലയ്ക്ക് ഏറെ പിൻബലമാണ്. തന്നെയും കുടുംബത്തെയും ശുശ്രൂഷകളെയും ദൈവജനം പ്രാർത്ഥനയിൽ നിരന്തരം ഓർക്കണമെ.

വിലാസം: ജോയി പൗലോസ്, മുണ്ടേക്കാട്ട് വീട്, നാടുകാണി പി.ഒ., കോതമംഗലം, എറണാകുളം 686 691 ഫോൺ: 9846476755

## Commendation

We have great pleasure to commend our dear Brother Prim Ross who is in active fellowship of the Brethren Assembly at Vadakkenchery Christian Brethren Church, Palakkad, Kerala to the Ministry of the Lord. We are sure of his calling from the Lord for full time ministry in His vineyard. We commit him in the mighty hands of the Lord Jesus to be used of him wherever the Lord places him, and continue to pray for him.

His present Address: *Prim Ross C/o. Pradeep Bansod, Near St. Joseph Convent School, Behind Nehru Yuvakendra, Ganesh Ganj Khandwa, Madhya Pradesh- 450 000 Phone No. 08959037600*

James Joseph,
John M. Varkkey
Evg. Peter Philip

ചിന്ത

*റ്റി. വി. എസ്.*

# സ്തോത്രം ചെയ്യുന്ന ഹൃദയത്തിൽ നിന്ന് സന്തോഷത്തിന്റെ അരുവികൾ രൂപപ്പെടുന്നു

**ആ**സാഫ് 50-ാം സങ്കീർത്തനം രചിച്ച് അവസാനിപ്പിക്കുമ്പോൾ മറക്കാതെ ഒരു കാര്യം നമ്മെ ഓർമ്മപ്പെടുത്തി. അതിനുമുന്നെയുള്ള വാക്യങ്ങളിൽ ദോഷകരമായ അനേകകാര്യങ്ങൾ ചെയ്തവരെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അവർ സ്തുതിയും സ്തോത്രവും സ്വീകരിക്കുന്ന ദൈവത്തെ മറക്കുന്നവരാണെന്നും, അവരെ ദൈവം കീറിക്കളയുമെന്നും മുന്നറിയിപ്പ് നല്കുന്നു. എന്നാൽ സ്തോത്രം എന്ന യാഗം അർപ്പിക്കുന്നവൻ ദൈവത്തെ മറക്കുന്നവനല്ല; പിന്നെയോ ദൈവത്തെ മഹത്വപ്പെടുത്തുന്നവനാണ് എന്നു രേഖപ്പെടുത്തി. പുതിയനിയമ വ്യവസ്ഥയിൽ വിശ്വാസികൾ സ്തോത്രമെന്ന യാഗം അർപ്പിക്കുവാൻ കടപ്പെട്ടവരാണ്. ആസാഫിന്റെ 73 മുതൽ 83 വരെയുള്ള സങ്കീർത്തനങ്ങളിൽ ഹൃദയത്തിൽ നിന്ന് ഉയരുന്ന സ്തുതിയുടെയും സ്തോത്രത്തിന്റെയും മാറ്റൊലികൾ കേൾക്കാൻ കഴിയും.

ഒരിക്കൽ ചൈനയിൽ കർത്താവിന്റെ വേല ചെയ്തിരുന്ന ഒരു മിഷനറിക്ക് തന്റെ ജീവിതത്തിൽ വേണ്ടത്ര സന്തോഷമില്ലായിരുന്നു. തന്നെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും ദുഃഖപൂർണ്ണമാണെന്ന് അദ്ദേഹത്തിന് തോന്നി. തന്നെ അടക്കി വാഴുന്ന നൈരാശ്യങ്ങളിന്മേൽ വിജയം നല്കണമേ എന്ന് അദ്ദേഹം വളരെ നാളുകൾ തന്നെ ദൈവത്തോട് പ്രാർത്ഥിച്ചു. എങ്കിലും സ്ഥിതിക്ക് യാതൊരു മാറ്റവും സംഭവിച്ചില്ല. ഒടുവിൽ തന്റെ പ്രവർത്തന രംഗം വിട്ട് ഉൾനാട്ടിൽ പോയി ജീവിതവിജയത്തിനായി കുറേക്കൂടി ശ്രദ്ധ കേന്ദ്രീകരിച്ച് പ്രാർത്ഥിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. പുതിയ സ്ഥലത്തുള്ള ഒരു മിഷനറിയുടെ ഭവനത്തിൽ താമസിക്കുവാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. ആ ഭവനത്തിൽ ചെന്നപ്പോൾ ആ ഭവനത്തിന്റെ ഭിത്തിയിൽ തൂക്കിയിട്ടിരിക്കുന്ന ബോർഡിൽ തന്റെ കണ്ണുകൾ പതിഞ്ഞു. അതിൽ ഇപ്രകാരം എഴുതിയിരുന്നു: "സ്തോത്രം ചെയ്ത് പരീക്ഷിച്ചു നോക്കുക" എന്ന്.

ആ വാക്കുകൾ അദ്ദേഹത്തിന്റെ ഹൃദയ ഭിത്തിയിൽ ആഴമായി പതിഞ്ഞു. ഈ കാലമെല്ലാം സ്തോത്രം ചെയ്യാതെയാണോ ഞാൻ പ്രാർത്ഥിച്ചിരുന്നത് എന്ന് അദ്ദേഹം ചിന്തിച്ചു. അവിടെ നിന്ന് അദ്ദേഹം സ്തോത്രം ചെയ്യുവാൻ ആരംഭിച്ചു. പെട്ടെന്ന് തന്റെ ഹൃദയഭാരം കുറയാൻ തുടങ്ങിയതായി അദ്ദേഹത്തിന് അനുഭവപ്പെട്ടു. തന്റെ സഭാ ജനങ്ങളിൽ നിന്ന് അകലം പാലിച്ച് മനോവേദനയോടെ കഴിഞ്ഞതിനാൽ അവരുടെ ഇടയിലേക്ക് മടങ്ങിച്ചെന്ന്, സ്തോത്രം ചെയ്യുന്ന സ്ഥിതിക്ക് മാറ്റം വരുത്തും എന്ന് അവരോടു പറഞ്ഞു. ലളിതമായ ഈ സാക്ഷ്യത്തിന്റെ ഫലമായി അവരുടെയിടയിൽ വലിയ മാറ്റങ്ങളും അനുഗ്രഹങ്ങളും ഉണ്ടായി. പരാതിപ്പെടുന്നതിനു പകരം സ്തുതികരേറ്റുവാനും തുടങ്ങി. അദ്ദേഹത്തിനു മാത്രമല്ല അതുപോലെ നിരാശയിലായിരുന്ന തന്റെ സഭാംഗങ്ങ ൾക്കും ആ ബന്ധനത്തിൽ നിന്ന് മോ ചനം പ്രാപിക്കാൻ കഴിഞ്ഞു. നിരാശയുടെ തടയണ കെട്ടി സാത്താൻ തടഞ്ഞിരുന്ന അവരുടെ സന്തോഷത്തിന്റെ അരുവി ഇടതടവില്ലാതെ കഴുകാൻ തുടങ്ങി. കൂടിവരവുകൾ ചൈതന്യാത്മകമായി മാറി സ്തോത്രം. നമ്മുടെ മധ്യേ അന്യം നിന്നു പൊയ്ക്കൊണ്ടിരിക്കുന്നത് ഈ സ്തുതിയുടെയും സ്തോത്രത്തിന്റെയും യാഗം അർപ്പിക്കുന്ന ശുശ്രൂഷകളാണ്. മറ്റു പലതും നമുക്ക് ഉണ്ടെന്ന് നാം അഭിമാനിക്കുമ്പോൾ ആവശ്യമായ പലതും നമ്മിൽ നിന്ന് അകറ്റാൻ സാത്താൻ ശ്രമിക്കുന്നു. ഇപ്പോൾ ഉള്ള തലമുറയിൽ സ്തോത്രത്തിന്റെയും ഹല്ലേലുയ്യായുടെയും ശബ്ദം കേൾക്കാൻ കാതുകൾ കൊതിക്കുന്നു. എങ്കിൽ അടുത്ത തലമുറയുടെ അവസ്ഥ എന്തായിരിക്കും. ചിന്തിക്കാൻ പോലും സാധിക്കാത്ത ഒരു വരണ്ട ആത്മീയ സ്ഥിതിയിലേക്ക് നമ്മുടെ സമൂഹം മാറിപ്പോകാൻ സാധ്യതയുണ്ടെന്ന് ചിന്തിക്കുന്നവർക്ക് മനസ്സിലാക്കാൻ പ്രയാസം കാണുകയില്ല. ആ മിഷനറിക്ക് ചുവരിൽ തൂക്കിയ വാക്യശകലം തന്റെ അവസ്ഥയ്ക്ക് മാറ്റം വരുത്തി. നാമും നമ്മുടെ വ്യക്തിപരമായും സഭാപരമായും ഉള്ളിലേക്ക് ഇറങ്ങി നമ്മെ തന്നെ ഒന്നുവായിച്ചു നോക്കിയാൽ ഇതിന്റെ ആവശ്യം മനസ്സിലാകും സഭകൾ ഉണരും, ഹൃദയങ്ങൾ അടുക്കും, സഭയിൽ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ആരാധനയുടെയും അരുവികൾ ഒഴുകും. ദൈവത്തിനു സ്തോത്രം.

●

**SUVISESHA DHWANI**
Fortnightly
Vol. 37 Issue 35
Annual Subscription
India Rs. 150
USA/Canada US$ 75
Envelope Postage
Rs. 2000

**Please send news and articles to:**
Chief Editor
**Samuel Thomas**
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Tel. 0479 - 2476677
Mob : 9495162788

Associate Editors:
**V. S. Mathew & Jose Philip**

Send your drafts & money order to :
Managing Editor
**P.S. Ninan**
Thondiyath puthenveedu,
Kallissery P.O.,
Alappuzha - 689 124
Tel. 0479 - 2427371
\Mob. 9446004619

Circulation Manager:
**John Thomas**
Vazhuvelil House
Pandanadu North P.O.,
Kallissery - 689 124
Mob: 9446918942

Please send DD/Cheque drawn in favour of :
Suvisesha Dhwani

E-mail :
suviseshadhwani2011@gmail.com

**03.01.2015**

**REGISTERED**
***Reg. No. RN 29475/78***
**Postal Reg. No. KL / MVK / 188 / 2014-16**
**Licence No. KL/CR/MVK/WPP-01/2014-16**
**Licenced to Post Without Pre-payment**

***If not delivered, please return to :***
**Managing Editor,**
**SUVISESHA DHWANI,**
**Thondiyath puthenveedu, Kallissery P.O.,**
**Alappuzha - 689 124,**
**Kerala, India.**